
KNANAYADEEPAM
SINCE 1989

# ക്നാനായദീപം

Vol: 30 / Issue: 3 March 2019 ₹ :10/-



അനുതാപത്താൽ ഹൃദയം ഉരുകുന്ന സ്നേഹത്താൽ
സ്വർഗ്ഗം തുറക്കപ്പെടുന്ന അവന്റെ ക്ഷതങ്ങളാൽ
അനുഗ്രഹിക്കപ്പെടുന്ന
**ഒരു നോമ്പുകാലം**

# ഈ ചിരി മാഞ്ഞുപോയിട്ട് ഒരു വർഷം

31 – 03 – 2019



# കുഞ്ഞൂഞ്ഞമ്മ കളത്തിൽ

## മാധവൻപടി, കോട്ടയം

സ്നേഹസ്മരണകളോടെ,

ഭർത്താവ് : തോമസ് തോമസ് (തോമസ് കുട്ടി)

മക്കൾ : ഷാജി തോമസ്, ഷിജു തോമസ്, ഷെറിൻ തോമസ്

മരുമക്കൾ : നിഷാ, ജസീനാ, അൻസു

കൊച്ചുമക്കൾ : ലിയാ, ലിവിയാ, ക്രിസ്റ്റാ, അച്ചു, ഹന്നാ

Advt - R

# ക്നാനായ ദീപം

SINCE 1989

2019 മാർച്ച് പുസ്തകം 30 ലക്കം 3

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

നോമ്പുകാല ചിന്തകൾ 06
ഡോ. ഡി. ബാബുപോൾ ഐ.എ.എസ്.

ക്ഷമയുടെ മഹത്വം 09
സി. ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

സമകാലിക വായന 10
ഫാ. മോനായി കെ. ഫിലിപ്പ്

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

വലിയ നോമ്പ് 17
ഫാ. ജെയിൻ തോമസ്

സമഗ്രമായി വളരട്ടെ നമ്മുടെ കുഞ്ഞുങ്ങൾ 19
ഡോ. സുനിൽ ഡി. കുരുവിള

കാൽപ്പാടുകൾ 20
എബി

ദൈവസഭ അനുഗ്രഹിക്കപ്പെടുന്നത് എങ്ങനെ 21
ഫാ. റോയി മാത്യൂസ് മുളമൂട്ടിൽ

ഒക്യുപേഷണൽ തെറാപ്പി 23
മന്നാ റെജി, കുന്നുതറ

കണ്ണീർ വേനലിലെ വെള്ളച്ചാട്ടം (കവിത) 23
കെ. എം. മാനുവൽ

മലർവാടിക്കൂട്ടം 24

എന്റെ കല്ലിശ്ശേരി പള്ളി 37
തമ്പി മേടയിൽ



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

**Visit www.knanayadeepam.com**


## ക്നാനായ ദീപം അറിയിപ്പുകൾ

നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും,ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടുവരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്

**Acc. No. 57004254154**
Knanaya Deepam
IFSC SBI N 0070128
SBI, Chingavanam

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial

## എഡിറ്റോറിയൽ



കർത്താവിൽ പ്രിയരെ-

കർത്താവിന്റെ ശരീരമാകുന്ന സഭയിൽ ദൈവം തന്റെ ശുശ്രൂഷക്കായി കാലാകാലങ്ങളിൽ അനേകരെ വിളിച്ചു വേർതിരിക്കുന്നതിനെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ കഴിയും. പഴയനിയമകാലത്തും പുതിയനിയമകാലത്തും ദൈവം വ്യക്തികളെ ശുശ്രൂഷകന്മാരായി വിളിച്ചിട്ടുണ്ട് (യിര.15) നിന്നെ മാതാവിന്റെ ഉദരത്തിൽ ഉരുവാക്കിയതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു.(ഗലാ.1:15-16) എന്നാൽ ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു. തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു. അത് തന്റെ പുത്രനെപ്പറ്റി വിജാതിയരുടെയിടയിൽ പ്രസംഗിക്കാൻ ആയിരുന്നു. ഞാൻ ഒരു മനുഷ്യന്റെയും ഉപദേശം തേടാൻ നിന്നില്ല. ഉദാഹരണമായി പഴയ നിയമത്തിലും പുതിയ നിയമത്തിലുമുള്ള രണ്ടു സാക്ഷികളുടെ കാര്യങ്ങൾ (യിരമ്യാവ്-പൗലോസ്) ചൂണ്ടിക്കാണിച്ചു എന്നു മാത്രം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ആത്മീയ വർദ്ധനയ്ക്കായി വേർതിരിച്ചവർ ഉണ്ട്.എഫേ 4:11-13 അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, മൂപ്പന്മാർ, കൂട്ടു മൂപ്പന്മാർ എന്നിങ്ങനെ ശശ്രൂഷകൾ വേർതിരിച്ച് അറിയിക്കുന്നു. ദൈവത്തിന്റെ വേല ചെയ്യുവാൻ പരിശുദ്ധാത്മാവിന്റെ നിറവും ശക്തിയുമാണ് ആവശ്യമായിരിക്കുന്നത് (അപ്പോ.1:8).

ദൈവത്തിന്റെ സഭ- ശുശ്രൂഷകന്മാർ സുവിശേഷവേലക്കാർ ഈ അനുഭവത്തിലേക്ക് തിരിച്ചു വരേണ്ടതാണ് ഇന്നത്തെ സഭയുടെ ആവശ്യം "പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ, എന്നാൽ പരിശുദ്ധാത്മാവു നിറഞ്ഞവർ, ധൈര്യം ഉള്ളവർ, യേശുവിനോടുകൂടെ ആയിരുന്നവർ, വചനം മാത്രം പ്രസംഗിക്കുന്നവർ, ആയിരക്കണക്കിന് മനുഷ്യർ മാനസാന്തരപ്പെടുന്ന ശുശ്രൂഷകൾ, എതിർ പറവാൻ വകയില്ലാത്ത പ്രത്യക്ഷമായ അടയാളം നടക്കുന്ന, നിഷേധിപ്പാൻ നമുക്ക് കഴിവില്ല എന്നെല്ലാം അന്നത്തെ മത നേതാക്കന്മാർ സാക്ഷ്യം പറയുന്ന ശുശ്രൂഷകന്മാർ (അപ്പോ. 4:14-16).

വചനം പ്രസംഗിക്കുക (2 തിമോ. 4:1-2) എന്ന കല്പന ലംഘിക്കുന്ന - കർണ്ണരസമാകുമാറു കെട്ടുകഥകളും കിഴവിക്കഥകളും തട്ടിവിടുന്ന ആകാത്ത വേലക്കാരെ (ഫിലി.3:2) സ്വീകരിക്കാതിരിക്കുക. എങ്കിൽ മാത്രമേ സഭ നന്നാകുകയുള്ളു. ആകാത്തവേലക്കാരെ സൂക്ഷിപ്പിൻ എന്ന താക്കീത് ദൈവജനം ശ്രദ്ധിക്കണമെ.

ആകാത്ത വേലക്കാർ ആരാണ്. മനുഷ്യജ്ഞാ നം, ലോകത്തിന്റെ ജ്ഞാനം, ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനം, മനുഷ്യരോടു പഠിച്ചും, പ്രാപിച്ചും, വശീകരണ വാക്കുകൾ, കെട്ടുകഥകൾ, നിർമ്മിത കഥകൾ മുതലായവയാൽ കർണ്ണരസമാകുമാറു മനുഷ്യരെ പ്രസാദിപ്പിച്ചു പ്രതിഫലം ആശ്രയിച്ചു മുഖസ്തുതി പറഞ്ഞ് വചനത്തിൽ കൂട്ടു ചേർത്തും, മായം ചേർത്തും ഉപായം പ്രയോഗിച്ചും പ്രസംഗ തൊഴിലാളികളായി ആദായ സൂത്രം ലക്ഷ്യമാക്കി ഭക്തിയുടെ വേഷം ധരിച്ചു നടക്കുന്നവർ.

ദൈവീക ഉപദേശങ്ങൾക്കുപകരം ജഡാഭിലാഷത്തിനൊത്തവണ്ണം ഉപദേശിക്കുന്നവരെ ജനത്തിന് ഇഷ്ടമാണ്. "പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരും അവരുടെ ഒരു കൈയ്യായി നിന്ന് അധികാരം നടത്തുന്നു. എന്റെ ജനത്തിനോ അതിഷ്ടം ആകുന്നു. എന്നാൽ ഒടുക്കം നിങ്ങൾ എന്തു ചെയ്യും. (യിരെ. 5:31) ആദിമ പിതാക്കന്മാർക്ക് ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളു. അധികാരകസേര തനിക്ക് ലക്ഷ്യമില്ല. ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ മോഹിച്ചിട്ടില്ല. ഞാൻ ഈ കൈകൊണ്ട് അദ്ധ്വാനിച്ചു എന്ന് (അപ്പോ.20:33-34) ദൈവം എനിക്കു തന്നിരിക്കുന്ന ശുശ്രുഷയാണ് ദൈവവേല. ഇതിൽ ശ്രേഷ്ഠമായ മറ്റൊരു ശുശ്രുഷയില്ല എന്ന പൂർണ്ണ ബോധ്യത്തോടെ സഭയെ ഭരിക്കുവാൻ ശ്രമിച്ചാൽ വ്യത്യാസം വരും. വേലക്കു വിളിച്ച ശുശ്രൂഷ യജമാനൻ സകലത്തിനും മതിയായവനും വിശ്വസ്തനുമാണ്. ദ്രവ്യാഗ്രഹമില്ലാതെ, അഹങ്കാരവും ഉന്നതപദവിയും ഉപേക്ഷിച്ച് ദൈവത്തിന് കീഴ്പ്പെട്ട് ജീവിച്ചാൽ ദൈവം ഉയർത്തും.

ദൈവം അനുഗ്രഹിക്കട്ടെ

**എന്ന് നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



മാർച്ച് 25. പരിശുദ്ധ സുറിയാനി സഭയെ സംബന്ധിച്ചിട ത്തോളം അതിപ്രധാനമായ ദിവസം. പരിശുദ്ധ സഭ “വച നിപ്പുപെരുന്നാൾ” ആഘോഷിക്കു ന്നതായ ദിവസം.

ഏകദേശം 2000 ആണ്ടുകൾക്കു മുമ്പു യിസ്രായേലിലെ ഗലീലാ പ്രദേശത്തുള്ള നസ്രേത്തു പട്ടണത്തിലെ ഒരു എളിയ ഭവനത്തിൽ “മറിയം” എന്ന കന്യകയുടെ അടുക്ക ലേക്കു ദൈവസന്നിധിയിൽനിന്നും ദൂതന്മാരുടെ തലവനായ ഗബ്രിയേൽ മാലാഖ അയക്കപ്പെട്ടു. ദൂതൻ അകത്തുചെന്നു, യൗസേഫ് എന്ന പുരുഷനു വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന ഈ കന്യകയോടു, “കൃപ ലഭിച്ചവളെ നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ട് നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവനു യേശു എന്ന് പേരു വിളിക്കണം. അവൻ വലിയവനാകും. അത്യുന്നതന്റെ പുത്രൻ എന്ന് വിളി ക്കപ്പെടും, എന്ന് തുടങ്ങിയ കാര്യങ്ങൾ അവളെ അറിയിച്ചു. കന്യക ഈ വചനങ്ങൾ കേട്ടു ഭയപ്പെട്ടു. ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ; ഇതൊക്കെ എങ്ങനെ സംഭവിക്കും എന്നു ചോദിച്ചു (ലൂക്കോ.1:26-38) ഗബ്രിയേൽ മാലാഖ സംശയ ങ്ങൾക്കു നിവൃത്തി വരുത്തി. പ്രകൃതിനിയമങ്ങൾക്കനുസരി ച്ചുള്ള ഒരു ഗർഭധാരണമല്ല, മറിച്ച് പരിശുദ്ധാത്മാ വാസ ത്താൽ പ്രകൃത്യാതീതമായ നിലയിലുള്ള ഗർഭധാരണമാണു നടക്കുന്നത് എന്നു തുടങ്ങിയ കാര്യങ്ങൾ ദൂതൻ കന്യകയെ അറിയിച്ചു. ദൈവഹിതം തിരിച്ചറിഞ്ഞ കന്യകയായ മറിയം, “ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ ഇഷ്ടം പോലെ എനിക്കു ഭവിക്കട്ടെ” എന്നു പറഞ്ഞു സ്വയമെ ദൈവഹിത ത്തിനു ഏല്പിച്ചു കൊടുത്ത സുദിനമത്രേ മാർച്ച് 25. വച നിപ്പു പെരുന്നാൾ.

സങ്കീർത്തനക്കാരനായ ദാവീദു രാജാവിനെ ഉദ്ധരിച്ചു കൊണ്ടു എബ്രായർക്കെഴുതിയ ലേഖനത്തിൽ ഗ്രന്ഥ കർത്താവു പറയുന്നു; “ഹനനയാഗവും വഴിപാടും നീ ഇച്ഛി ച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരിക്കുന്നു. സർവ്വാംഗ ഹോമയാഗങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാ ദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു ഇതാ ഞാൻ വരുന്നു പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു. (സ ങ്കീ.40:6-8 എബ്ര. 10:6-7.)

പാപത്തിനടിമപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിക്കേ ണ്ടത് സ്ത്രീയുടെ സന്തതിയാകുന്നു എന്ന് പിതാവായ ദൈവം ഏദനിൽ വച്ചുതന്നെ വെളിപ്പെടുത്തിയിരുന്നു. (ഉല്പ ത്തി. 3:15) ആ സ്ത്രീ യത്രേ കന്യകമറിയം. മനുഷ്യശരീരം പൂണ്ട ദൈവപുത്രനായ ക്രിസ്തുവിന്റെ മേൽ ലോകത്തിന്റെ പാപത്തെ ചുമത്തി. അവനെ ബലിയായി അർപ്പിച്ച് ലോകത്തിന് പാപമോചനം നല്കുന്ന ദൈവീക പദ്ധതിക്കു ഓഹരിക്കാരിയായിത്തീരാൻ ഭാഗ്യം ലഭിച്ചവളാണ് കന്യക മറിയം. അവൾ ദൈവകരങ്ങളിൽ തന്നെത്തന്നെ ഏല്പിച്ചു. നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ എന്നു പറഞ്ഞു. സ്വർഗ്ഗം അവളിൽ പ്രസാദിച്ചു സ്വർഗ്ഗാധിപൻ അവളിൽ ഇറങ്ങി വ സിച്ചു. ഒമ്പതുമാസം അവളുടെ ഉദരത്തിൽ വസിച്ചു ദൈവം മനുഷ്യശരീരം പൂണ്ടു. ദൈവം കന്യകമറിയത്തിൽ ഇറങ്ങി വസിച്ചതുമൂലം അവൾ രണ്ടാം സ്വർഗ്ഗമായിത്തീർന്നു. ദൈവം കന്യകയിൽ ഇറങ്ങി വസിച്ച മാർച്ച് 25 വചനിപ്പു പെരു ന്നാളായി നാം കൊണ്ടാടുന്നു.


കന്യകമറിയം എന്ന വാതിലിലൂടെയാണ് ദൈവപുത്രൻ ഭൂമിയിൽ പ്രവേശിച്ചത്. അങ്ങനെ അവൾ സ്വർഗ്ഗത്തിനു വാതി ലായിത്തീർന്നു. സ്വർഗ്ഗവാതിലായിത്തീരാൻ തുടക്കം കുറി ച്ച ദിവസമത്രേ, വചനിപ്പുപെരുന്നാൾ.

മനുഷ്യപുത്രൻ ഭൂമിയിലേക്കിറങ്ങിയ കിഴക്കേ ഗോപു രവാതിൽ എന്നും അടഞ്ഞു കിടക്കണമെന്നത് ദൈവഹിത മത്രേ. (യഹ.44:1-4) അത് എന്നും അടഞ്ഞുതന്നെ കിടക്കും. ആ വാതിൽ കന്യകമറിയാമാകുന്നുവെന്ന് നമ്മുടെ പിതാ ക്കന്മാർ നമ്മെ പഠിപ്പിച്ചു. മകനെ പ്രസവിക്കുംവരെയല്ല (മത്താ. 1:25) എന്നും അടഞ്ഞുതന്നെ കിടക്കും.


വചനിപ്പുപെരുന്നാൾ ദുഃഖവെള്ളിയാഴ്ചയാണു വരുന്ന തെങ്കിൽപോലും വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കാതെ മറ്റൊരു ശുശ്രൂഷയും ഇല്ല. ഇതിൽ നിന്നും ആ ദിവസ ത്തിന്റെ പ്രാധാന്യം മനസ്സിലാക്കാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**



ബാർ ഈത്തോ ബ്രീറോ
ഡോ. ഡി. ബാബുപോൾ
ഐ.എ.എസ്.




# നോമ്പുകാല ചിന്തകൾ

ഈ നോമ്പുകാലത്ത് അമ്മമാർക്ക് ധ്യാനിപ്പിക്കാനും വിശ്വാസികൾക്ക് ധ്യാനിക്കാനും ഉതകും എന്ന പ്രതീക്ഷയിൽ ഏഴ് വിഷയങ്ങൾ അവതരിപ്പിച്ചുകൊള്ളട്ടെ.

### ക്ലേശങ്ങളിൽ സഹായകമാകുന്ന സാന്നിദ്ധ്യം

അന്ത്യോക്യൻ പാരമ്പര്യത്തിൽ അമ്പതു നോ മ്പു തുട ങ്ങുന്നതു കൊത്തിനെ ഞായറാഴ്ച സന്ധ്യ മുതൽ ആണ്. കൊത്തിനെ എന്നാൽ കാനാതന്നെ.

കാനാ ഒരു ചെറിയ പട്ടണം. അജ്ഞാതനായ ഏതോ സാധാരണക്കാരന്റെ വീട്ടിൽ നടന്ന അതിസാധാരണമായ ഒരു വിവാഹ വേളയിൽ ആതിഥേയന് അപമാനം ആസന്നമായ പ്പോൾ മനുഷ്യനായ ദൈവം നേരിട്ട് ഇടപെട്ടതുകൊണ്ടു മാത്രം പ്രശസ്തമായി ഭവിച്ച ഒരിടം.

ആ സംഭവം നമുക്കൊക്കെ അറിയാം. ഒരു കല്യാണവീ ട്. സത്ക്കാരം അങ്ങനെ മുറുകിവരുമ്പോൾ അവർ തിരിച്ചറി ഞ്ഞു. വീഞ്ഞു തീർന്നു. ഗൃഹനാഥന് ഇതിലേറെ അപമാനം ഉണ്ടാകാനില്ല. അതിഥിയായി എത്തിയ ബന്ധു മറിയം സ്വന്തം മകനോടു വിവരം പറഞ്ഞു. മകന്റെ പേര് യേശു. മകൻ പ്രശ്നം പരിഹരിച്ചു. ആ ഉമ്മറത്തുണ്ടായിരുന്ന കൽഭ രണികളിൽ വെള്ളം നിറയ്ക്കാൻ വേലക്കാരോട് കല്പിച്ചു. ശേഷം ആ വെള്ളം കോരി വിരുന്നുവാഴിക്കു കൊടുക്കാൻ പറഞ്ഞു. അത് ഒന്നാന്തരം വീഞ്ഞാണ് എന്നു വിരുന്നുവാഴി സാക്ഷ്യപ്പെടുത്തി.

അമ്പതു ദിവസം ഉപവസിക്കാൻ പുറപ്പെടുന്ന സഭയോട് ഈ ആഘോഷവേളയെപ്പറ്റി പറയുന്നത് എന്തിനാണ് എന്നു സംശയിക്കുന്നവർ ഉണ്ടാകാം; അത് സ്വാഭാവികം. രണ്ടു സന്ദേ ശങ്ങളാണു സഭ നല്കുന്നത്. ഒന്ന്, നമ്മുടെ ദൈനംദിന ജീവി തത്തിൽ ഉല്ലാസ വേളകൾ നിഷിദ്ധമല്ലെങ്കിലും അവിചാരി തമായ ആപത്തുകൾ അവിടെ പതിയിരിക്കുന്നുണ്ടാവാം. യേശുവിനെയും അവന്റെ അമ്മയെയും നമ്മുടെ സന്തോഷ ങ്ങളിൽ ഭാഗഭാക്കാവാൻ വിളിക്കുകയും അവന്റെ അമ്മ പറ യുകയും മകൻ കേൾക്കുകയും ചെയ്യുന്നതിനാൽ നമ്മുടെ ക്ലേശങ്ങൾക്കു പരിഹാരം ഉണ്ടാകും. രണ്ട്, നിറമോ വീര്യമോ ഇല്ലാത്ത വെള്ളം മാത്രമാണു നാം എങ്കിലും മാതാവിന്റെ മദ്ധ്യസ്ഥത നമ്മെ വീര്യമേറിയ വീഞ്ഞാക്കി മാറ്റുന്ന പ്രക്രി യയിലേക്കു നയിക്കും, ഒരൊറ്റ വ്യവസ്ഥയിൽ. "അവൻ വല്ലതും കല്പിച്ചാൽ അപ്രകാരം ചെയ്യുവിൻ" എന്ന വാക്ക് അനുസരിക്കണം എന്നതാണ് ആ വ്യവസ്ഥ.

സമാന സുവിശേഷങ്ങൾ (സമാന്തരസുവിശേഷങ്ങൾ പ്രയോഗത്തെക്കാൾ കൃത്യം ഇതാണ് എന്നു 39 വർഷത്തെ ബൈബിൾ പഠനം എന്നെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു) വിരചിതമായ വർഷങ്ങൾ പലതും കഴിഞ്ഞിട്ടാണു യോഹ ന്നാൻ എഴുതിയത്. മറ്റുള്ളവർ വിട്ടുപോയതു കൂട്ടി ച്ചേർക്കാനും എഴുതിയതിനു പുതിയ മാനം നല്കാനും വേണ്ടിയായിരുന്നു ഈ രചന. ദൈവത്തിന്റെ മദ്ധ്യസ്ഥത യ്ക്കുള്ള സവിശേഷ പ്രാധാന്യം ആണ് ആദ്യത്തെ അടയാ ളത്തെ പ്രഥമഗണനീയവും ആക്കുന്നത് എന്നു യോഹന്നാൻ പറഞ്ഞു തരുന്നു.

ആനുഷംഗികമായി പറയട്ടെ, ഏതു ഗുരുവിനെയും പോലെ ശിഷ്യന്മാർ ഉണ്ടായിക്കഴിഞ്ഞിരുന്നുവെങ്കിലും മനു ഷ്യാവതാര ലക്ഷ്യമായ പരസ്യ ശുശ്രൂഷ തുടങ്ങിയിരു ന്നില്ലല്ലോ. അതിനു സമയമായി എന്നു മകന് അമ്മ പറഞ്ഞു കൊടുക്കുന്ന സന്ദർഭവുമാണ് ഇത്. ഒന്നര വ്യാഴവട്ടത്തിന പ്പുറം താൻ ഇരിക്കേണ്ടതു നസ്രത്തിലല്ല എന്നു പറഞ്ഞ പ്പോൾ "സമയമായില്ല" എന്നു പറഞ്ഞതു അമ്മയുടെ മൗനം തന്നെ ആയിരുന്നുവല്ലോ. വാചാലമായ മൗനത്തിലൂടെ പര സ്യശുശ്രൂഷയുടെ പഞ്ചാംഗം നിർണ്ണയിച്ചവൾ നല്കുന്ന തായി ഒരേയൊരു കല്പനയാണു സുവിശേഷങ്ങളിൽ നാം വായിക്കുന്നത്. "അവൻ നിങ്ങളോട് എന്തെങ്കിലും കല്പി ച്ചാൽ അതു ചെയ്യുവിൻ".

വെള്ളം വീഞ്ഞാക്കി എന്നത് സാമൂഹിക സന്ദർഭ ത്തിൽനിന്ന് അടർത്തിയെടുത്ത് ദുർവ്യാഖ്യാനം ചെയ്യരുത്. കേരളത്തിലായിരുന്നു സംഭവമെന്നു വിചാരിക്കുക. ഒരു കല്യാണവീട്ടിൽ അരി തികഞ്ഞില്ല എന്നതാണു പ്രശ്നം എന്നും വിചാരിക്കുക. യേശു പറയുമായിരുന്നു "നിങ്ങൾ അടു പ്പിൽ വെള്ളം വച്ചു മുറ്റത്തെ മണ്ണു വാരി പാത്രത്തിൽ ഇടു വീൻ.."

മനുഷ്യന്റെ അപര്യാപ്തകൾക്കു പരിഹാരം നല്കുന്ന വനും ഓരോ വ്യക്തിയുടെയും ആത്മാഭിമാനത്തിനു ക്ഷത മേല്ക്കാതെ കരുതലോടെ സഹായിക്കുന്നവനും ആണ് ക്രിസ്തു. ഇപ്പറഞ്ഞ രണ്ടാമത്തേതാണ് ഫ്രാൻസിസ് പാപ്പ യിൽ നാം കാണുന്നതും. അപരനെക്കുറിച്ചുള്ള കരുതൽ. നാം നോമ്പി ലേക്കു പ്രവേശിക്കുന്നു. നമ്മുടെ വീഞ്ഞു മതി യാകാത്ത ദുരവസ്ഥ നാം തിരിച്ചറിയണം. അവൻ നമുക്കു വീഞ്ഞു തന്നു എന്നു വരികയില്ല. വെള്ളം കോരാനാവും കല്പന. ചോദ്യം ചെയ്യാതെ വിനയത്തോടെ അനുസരിക്കു

ക. ആ വെള്ളം വീഞ്ഞായിക്കൊള്ളും. അവൻ വല്ലതും കല്പിച്ചാൽ അനുസരിക്കുവാനുള്ള മറിയയുടെ ആഹ്വാനമാണു നോമ്പിന്റെ അനുഭവത്തിലേക്കു വാതിൽ തുറക്കുന്നതാക്കോൽ.

## ക്ഷമിക്കാതിരിക്കാൻ നേരമില്ലാത്തവർ

പൗരസ്ത്യ പാരമ്പര്യത്തിൽ ശൂബ്ക്കോനോ എന്ന ശുശ്രൂഷയോടു കൂടെയാണു വലിയ നോമ്പ് ആരംഭിക്കുന്നത്. പേത്രത്താ ഞായറാഴ്ച സന്ധ്യമുതൽ ഉപവാസവും ഭക്ഷണവും സംബന്ധിച്ച നിയമങ്ങൾ പ്രാബല്യത്തിലാവുമെങ്കിലും തിങ്കളാഴ്ച മദ്ധ്യാഹ്നത്തിലെ അനുരഞ്ജനശുശ്രൂഷയാണു നോമ്പിലേക്കുള്ള പ്രവേശന കവാടത്തെ പിന്നിലാക്കുന്നത്.

ക്ഷമിക്കാൻ കഴിയുന്നില്ലെങ്കിൽ നോമ്പും നമസ്കാരവും ഫലശൂന്യമാവുമെന്നതിലുപരി അർത്ഥശൂന്യമാകുന്നു എന്നു സഭ പഠിപ്പിക്കുന്നു.

ക്ഷമയിൽ സഹനവും സഹിഷ്ണുതയും ദൈവികസ്നേഹവും ഉൾച്ചേർന്നിരിക്കുന്നു. പഴയ നിയമത്തിലെ ഈശ്വര സങ്കല്പത്തിൽ കോപവും ശിക്ഷയുമാണു പ്രധാനമെന്നു പൊതുവെ പറയാറുണ്ട്. എന്നാൽ അവിടെയും ക്ഷമയാണ് ഈശ്വരന്റെ സ്ഥായീഭാവം. കായേനെ ശിക്ഷിക്കാതിരുന്നില്ലെങ്കിലും അവന്റെ രക്ഷയ്ക്കായി അടയാളം വച്ചുകൊണ്ടു നീതിക്കു കരുണയുടെ കസവു തീർത്തവനാണ് ഈശ്വരൻ എന്ന് ഉല്പത്തി.(4:8-15) പറഞ്ഞു തരുന്നു. കരുണയും കൃപയും നിറഞ്ഞവനായ യാഹ്‌വേ ദീർഘക്ഷമയും കരുണയും ഉള്ളവൻ തന്നെ എന്നു ദാവീദിന്റെ അനുഭവസാക്ഷ്യം സങ്കീർത്തനങ്ങളിൽ (103:8) തെളിയുന്നു. അതു മോശയോടു പ്രഘോഷിച്ചതുതന്നെ എന്നതിനു പുറപ്പാടു പുസ്തകം (34:6) സാക്ഷി. ശിക്ഷയും പ്രതികാരവും ഇല്ലെന്നല്ല. അത് അറ്റകൈ മാത്രമാണ്. നൂറ്റാണ്ടുകൾക്കുശേഷം യോനായ്ക്കു ദൈവത്തെക്കുറിച്ചുണ്ടായ പരാതിയും ദൈവത്തിനു ക്ഷമ കൂടിപ്പോയി എന്നതായിരുന്നുവല്ലോ.

യേശു പറഞ്ഞതും ഇതുതന്നെ. ലൂക്കോസിന്റെ സുവിശേഷത്തിലെ പതിനഞ്ചാം അദ്ധ്യായത്തെ സുവിശേഷത്തിലെ സുവിശേഷം' എന്നു വിശേഷിപ്പിക്കാറുണ്ട്. ദൈവസ്നേഹത്തിന്റെ അതിരില്ലാത്ത വ്യാപ്തി വിശദീകരിക്കുന്ന മൂന്നു കഥകളാണ് ആ അദ്ധ്യായത്തിലെ ഉള്ളടക്കം. ദുരുദ്ദേശ്യമൊന്നും കൂടാതെയാണെങ്കിലും ആടിനു വഴി തെറ്റിയാൽ കൂട്ടത്തിൽനിന്ന് ആടു പുറത്തായി. എന്നാൽ ആ ആടിനെ തേടി, കണ്ടെത്തി, സ്നേഹത്തോടെ ചുമലിലേറ്റി ആട്ടിൻകൂട്ടത്തിൽ തിരിച്ചെത്തിക്കുന്നവനാണ് ഈശ്വരൻ എന്നു യേശു പഠിപ്പിച്ചു.

കഷ്ടതയും പ്രയാസങ്ങളും ഉണ്ടായാൽ, പ്രത്യാശ കൈവിടാതെ ദൈവാശ്രയവും ദൈവത്തോടുള്ള വിശ്വസ്തതയും മുറുകെപ്പിടിച്ചുകൊണ്ടു വിനയപൂർവ്വം ശത്രുവിന്റെ നടപടികൾ സഹിക്കുന്നതാണു ക്ഷമയുടെ ക്രിസ്തീയമാനം എന്നു 'വേദശബ്ദരത്നാകരം' എന്ന കൃതിയിൽ "ക്ഷമ" എന്ന ശീർഷകത്തിൽ വിസ്തരിക്കുന്നുണ്ട്. കുരിശില്ലാതെ കിരീടമില്ല എന്ന് ഓർമിച്ചാൽ ഈ ക്ഷമാശീലം വളർത്തിയെടുക്കാം.

സഹോദരനോട് എത്ര പ്രാവശ്യം ക്ഷമിക്കണം എന്ന ചോദ്യത്തിന് ഏഴെഴുപതു വട്ടം എന്നു ക്രിസ്തു ഉത്തരം പറഞ്ഞതു നമുക്കറിയാം. നാനൂറ്റി തൊണ്ണൂറിന്റെ കണക്കല്ല അവിടുന്നു പഠിപ്പിച്ചത്. സൂപ്പർ കമ്പ്യൂട്ടറുകളുടെയും സ്രഷ്ടാവായ ദൈവപുത്രൻ പറഞ്ഞത് 7 X 70 എന്നല്ല, $7^{70}$ എന്നാണ്. വേദശബ്ദരത്നാകരത്തിൽ എഴുതാനായി അത് എത്രയാണെന്നു ഞാൻ കണ്ടുപിച്ചതു തുമ്പ ബഹിരാകാശ ഗവേഷണകേന്ദ്രത്തിലെ കമ്പ്യൂട്ടറിലാണ്. 1435 എന്ന് എഴുതിയിട്ട് 56 പൂജ്യം ചേർക്കുക. ഒരു ദിവസത്തിൽ ഒരു ലക്ഷം ഇല്ല സെക്കൻഡുകൾ! അപ്പോൾ ഓരോ വ്യക്തിയോടും $7^{70}$ ക്ഷമിച്ചാൽ ക്ഷമിക്കാതിരിക്കാൻ എവിടെയാണു നേരം!

നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. നല്ല കാര്യം ആത്മാവും ശരീരവും ഒരുമിച്ചു നോമ്പു നോക്കണം എന്നതു പ്രാചീന പ്രാർത്ഥനകളിൽ നാം വായിക്കുന്നു. ശരീരത്തിന്റെ നോമ്പിനെക്കുറിച്ച് അഭിപ്രായ ഭേദം ഉള്ളവരും ആത്മാവിൽ നോമ്പ് ആചരിക്കുന്ന കാര്യത്തിൽ തർക്കത്തിനു വരും എന്നു തോന്നുന്നില്ല.

ആത്മാവിലെ നോമ്പിലെ അടിസ്ഥാനഘടകം അനുരഞ്ജനമാണ്. അപരനോട് അനുരഞ്ജനത്തിലെത്താതെ ഒരുവന് ഈശ്വരസാക്ഷാത്കാരം പ്രാപ്യമാവുകയില്ല. കർത്തൃപ്രാർത്ഥന എന്നറിയപ്പെടുന്ന (മുടിയനായ പുത്രന്റെ ഉപമ എന്നതുപോലെ തെറ്റായ ഒരു പേരാണ് കർത്താവ് ഉദാഹരണമായി പഠിപ്പിച്ച പ്രാർത്ഥനയെ "കർത്തൃപ്രാർത്ഥന" എന്നു വിളിക്കുന്നത്. പ്രയോഗ സാധ്യത മാത്രമാണു ന്യായം). പ്രാർത്ഥനയുടെ സുറിയാനി ഭാഷ്യത്തിൽ നാം 'ക്ഷമിക്കുന്നതുപോലെ' എന്നല്ല നാം 'ക്ഷമിച്ചിരിക്കുന്നതുപോലെ' എന്നു ഭൂതകാലത്തിലാണു പ്രയോഗം. ക്ഷമിച്ചുകഴിഞ്ഞിട്ടു വേണംക്ഷമ ആവശ്യപ്പെടാൻ.

ക്ഷമിക്കാനുള്ളവരോടൊക്കെ ക്ഷമിക്കുകയും ക്ഷമതോടേണ്ടവരോടൊക്കെ ക്ഷമ തേടുകയും ചെയ്തിട്ടുവേണം നോമ്പു തുടങ്ങാൻ. കൂടുതൽ വായനകൾ താഴെ നിർദ്ദേശിക്കുന്ന. മത്താ. 18:23-35;1 യോഹ.4:11-21, യാക്കോബ് 2:2-12, റോമ. 1.21-27,1.കൊരി. 13:4-7, എശയ്യ (ഐസയാസ്) 29:15-24, 1രാജാക്കന്മാർ 3:10-14.

## നമ്മുടെ വഴിയല്ല, ദൈവത്തിന്റെ വഴി

നോമ്പിലേക്കു നാം പ്രവേശിക്കുന്നതോടെ സാത്താനും ഉഷാറാവും. മനുഷ്യാവതാരം ചെയ്ത ദൈവത്തെ പരീക്ഷിച്ചു മാർക്കിടാൻ പോയവനാണ് അവൻ. മാത്രമോ, പരീക്ഷകൾ പരാജയപ്പെടുകയും പരീക്ഷക്ക് വിജയശ്രീലാളിതനാവുകയും ചെയ്തു എന്നു നാം ആശ്വസിക്കുമ്പോൾ ലൂക്കോസ് 4:13 പറയുന്നു, സാത്താൻ മനുഷ്യപുത്രനോടുപരാജയം സമ്മതിച്ച് പിന്മാറുകയായിരുന്നില്ല, കുറേക്കാലത്തേക്കു വിട്ടുമാറുക മാത്രമായിരുന്നു എന്ന്.

പരീക്ഷ എന്ന പദം പല ആധുനികരും പ്രലോഭനം എന്നു പരിഷ്കരിക്കാറുണ്ട്. സൂക്ഷ്മമായി പരിശോധിച്ചാൽ അതു ശരിയല്ല എന്നു കാണാം. ഇസഹാക്കിനെ ബലികഴിക്കാൻ ആജ്ഞാപിച്ചവൻ അബ്രഹാമിനെ പ്രലോഭിപ്പിക്കുകയാതിരുന്നില്ലല്ലോ. പ്രലോഭനം പരീക്ഷ ആണെങ്കിലും അതുമാത്രമല്ല. പരീക്ഷ എന്നർത്ഥം. അതിരിക്കട്ടെ, രണ്ടായാലും ഓരോ വിജയവും നമ്മുടെ എതിരാളിയെ മാറ്റി നിർത്തുന്നത് ഒരു ഇടവേളയിലേക്കു മാത്രമാണ്. പൂർവ്വാധികം ശക്തിയാർജ്ജിച്ച് അവൻ വീണ്ടും വരും. ആരെ വിഴുങ്ങേണ്ടു എന്നു ചിന്തിച്ച് ഊടാടി നടക്കുന്നവനാണ് അവൻ.

ലോക നിയമവും അതല്ലേ? പത്താംക്ലാസ് ജയിച്ചാൽ അതിനേക്കാൾ കടുപ്പമേറിയ പന്ത്രണ്ടാം ക്ലാസ്സ് അല്ലേ

പിറകെ വരുന്നത്? സബ്ജില്ലയിൽ ഒന്നാം സ്ഥാനം നേടുന്ന യാൾ ജില്ലാതലത്തിൽ നേരിടുന്നത് കുറെക്കൂടെ കടുത്ത മത്സരമല്ലേ? ഓരോ പരീക്ഷയും ജയിക്കുന്നതോടെ പരീക്ഷ കൾ തീർന്നു എന്നല്ല ധരിക്കേണ്ടത്. ശക്തിയാർജ്ജിച്ചിരിക്കുന്നു എന്നാണ്.

ബൈബിളിൽ പരീക്ഷയുടെ അഞ്ചു ധാരകൾ കാണാം. മനുഷ്യൻ മനുഷ്യനെ പരീക്ഷിക്കുന്നത് (ശേബാരാജ്ഞിയും ശലോമോനും, യഹൂദന്മാരും യേശുവും), മനുഷ്യൻ ദൈവത്തെ പരീക്ഷിക്കുന്നതു (മാസായിൽവച്ചു ഇസ്രായേൽ, അപ്പസ്തോലകാലത്ത് അനന്യാസും സഫീറയും), ദൈവം മനുഷ്യനെ പരീക്ഷിക്കുന്നത് (അബ്രഹാമിന്റെ ബലി), തിരുവത്താഴമേശയെ സമീപിക്കുന്നതിനു മുമ്പുള്ള ആത്മ പരിശോധന, സാത്താൻ ദൈവജനത്തെ പരീക്ഷിക്കുന്നത്. വേദശാസ്ത്ര വിശദീകരണങ്ങളുടെ വനഭൂമിയിലേക്കു കടക്കാതെ പറഞ്ഞാൽ നന്മയുടെയും തിന്മയുടെയും സാദ്ധ്യതകൾ മനുഷ്യനു മുമ്പിൽ തെളിയുകയും വഴി തിരഞ്ഞെടുക്കുവാൻ അവനു സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ പരീക്ഷ ആയി എന്നു "വേദശബ്ദരത്നാകരം" രേഖപ്പെടുത്തുന്നിടത്തു തന്നെ എത്തിച്ചേരുന്നു നാം.

പരീക്ഷ പാപം അല്ല. പരീക്ഷയിൽ പരാജയപ്പെടുമ്പോഴാണു പാപം ജനിക്കുന്നത്. പരീക്ഷയിൽ വിജയം നേടുന്നതു സന്തോഷകരമാണ്. എന്നാൽ പരീക്ഷയിലേക്കു പ്രവേശിക്കാതിരുന്നാൽ പരീക്ഷയുടെ സമ്മർദ്ദംതന്നെ ഒഴിവായിക്കിട്ടും. പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേ എന്ന പ്രാർത്ഥനയുടെ കാതൽ ഇതാണ്.

ദൈവഹിതം ആരായാതെ സ്വന്തം വഴി തിരഞ്ഞെടുക്കാനുള്ള പ്രലോഭനം പലപ്പോഴും തിരിച്ചറിയപ്പെടാതെ പോകുന്ന പരീക്ഷയാണ്. കൊച്ചി സർവ്വകലാശാലയുടെ വൈസ് ചാൻസലർ പദത്തിലേക്ക് 1995-ൽ എന്നെ ക്ഷണിച്ചപ്പോൾ ദൈവവുമായി ആലോചിക്കാതെയാണു ഞാൻ നിരസിച്ചത്. അന്നു ഞാൻ ഇതു തിരിച്ചറിഞ്ഞതുപോലുമില്ല. എന്റെ തീരുമാനം ദൈവനിശ്ചയവും ആയിരുന്നിരിക്കാം. എങ്കിലും എന്നെപ്പോലെ അർഹിക്കുന്നതിലേറെ അനുഗ്രഹം കിട്ടിയവനും ആകാവുന്നതിലേറെ ഏറ്റുവാങ്ങിയവനുമായ ഒരു വ്യക്തി, ദൈവത്തോടു പ്രാർത്ഥനാപൂർവ്വം ആലോചിക്കാതെ അങ്ങനെ ഒരു തീരുമാനം എടുക്കരുതായിരുന്നു. മറിച്ചുള്ള ഉദാഹരണം സീറോ-മലബാർ സഭയുടെ തലവനായി മാർ ജോർജ് വലിയ മെത്രാപ്പോലീത്തയെ സുനഹദോസ് നിശ്ചയിച്ചപ്പോൾ "എനിക്കു പ്രാർത്ഥിക്കണം" എന്നു പറഞ്ഞ് തിരുമേനി ദിവ്യകാരുണ്യ സന്നിധിയിലേക്കു പോയതാണ്.

പരീക്ഷകളെക്കുറിച്ച് എന്നും ജാഗ്രതയുള്ളവരായിരിക്കണം നാം. അതിനു സ്വയം പരിശീലിപ്പിക്കാൻ സഭ നിശ്ചയിച്ചിട്ടുള്ള പ്രത്യേക കാലം എന്നതാണ് നോമ്പിന്റെ പ്രാധാന്യം. മൂന്നു നോമ്പാണ് ആദ്യം. അത് നിനവെയിലെ തിരഞ്ഞെടുക്കപ്പെട്ടവരും രാജകീയ പുരോഹിതവർഗവും ആയ വിശ്വാസികളുടെ സമൂഹം പൊതുവായി ദൈവത്തിലേക്കു തിരിയുന്ന കാലം. അമ്പതു ദിവസം നീണ്ടുനില്ക്കുന്ന വലിയ നോമ്പു വ്യക്തിതലത്തിൽ പോരായ്മകൾ കണ്ടെത്തി തിരുത്താൻ ഉപയോഗിക്കാനുള്ള കാലം. കത്തോലിക്ക- ഓർത്തഡോക്സ് പാരമ്പര്യത്തിലെ മറ്റു നോമ്പുകൾ ക്രിസ്മസ്, മാതാവിന്റെ ജനനവും ശൂനോയോയും (വാങ്ങിപ്പ് എന്നു മലയാളം, സ്വർഗാരോഹണം എന്നു സംസ്കൃതം, ഡോർമിഷൻ അസംപ്ഷൻ എന്നിങ്ങനെ ഓർത്തഡോക്സ് പാശ്ചാത്യ സാങ്കേതികപദങ്ങൾ), പത്രോസ്-പൗലോസ് ശ്ലീഹാന്മാരുടെ സ്മരണ എന്നിവയ്ക്കു മുന്നോടിയായുള്ള ആത്മപരിശോധനാകാലം. കൂടുതൽ വായനയ്ക്ക് (ലൂക്കോസ് 4:1-13; മത്തായി 6:16-18).

## കോപംകൊണ്ടു ഭ്രാന്തു പിടിപ്പിക്കല്ലേ!

ഒരു വ്യക്തിയുടെ ക്ഷമയും ആത്മനിയന്ത്രണവും അപരനെക്കുറിച്ചുള്ള കരുതലും തിരിച്ചറിയാൻ ഇക്കാലത്തു രണ്ടു സംഗതികൾ നിരീക്ഷിച്ചാൽ മതി. ഒന്ന്, ഒച്ചിന്റെ വേഗത്തിൽ ഡൗൺലോ ഡ് ചെയ്യുന്ന ഒരു കമ്പ്യൂട്ടറിന്റെ മുന്നിൽ ഇരുത്തുക. രണ്ട്, തിരക്കേറിയ നഗരവീഥികളിൽ ഒരു വാഹനം ഓടിക്കാൻ സന്ദർഭം കൊടുക്കുക. ക്ഷിപ്രസമയത്തിനുള്ളിൽ സ്വഭാവം കൃത്യമായി തെളിയും.!

ഗതിവേഗം വർത്തമാനകാലത്തിന്റെ സവിശേഷമുദ്രയാണ്. നമ്മുടെ അക്ഷമയുടെ രണ്ടു സ്രോതസ്സുകളിൽ ഒന്ന് ഈ ഗതിവേഗം തന്നെ. മാത്സര്യമാണ് മറ്റേത്.

എന്റെ ഡ്രൈവർ മുപ്പതു തികയാത്ത ഒരു ചെറുപ്പക്കാരനാണ്. എഴുപതു കിലോമീറ്ററിലേറെ വേഗത്തിൽ വണ്ടി ഓടിക്കരുത് എന്ന കല്പന അവൻ കൃത്യമായി പാലിക്കുന്നു. ഞാൻ മിക്കവാറും ഉറക്കാമായിരിക്കും. അപ്പോഴും അവൻ എന്റെ നിർദ്ദേശം അനുസരിക്കുന്നു. ഞാൻ പറഞ്ഞു കൊടുക്കാതെ തന്നെ അവൻ ചെയ്യുന്ന മറ്റൊരു സംഗതിയുണ്ട്. സ്ത്രീകളോ വൃദ്ധജനങ്ങളോ കുട്ടികളോ റോഡു കുറുകെ കടക്കാൻ കാത്തുനില്ക്കുന്നതു ശ്രദ്ധിച്ചാൽ വണ്ടി നിർത്തി അവരെ പോകാൻ അനുവദിക്കും ട്രാഫിക് ലൈറ്റ് പച്ചയായാൽ ഏഴു സെക്കൻഡിനകം ആദ്യത്തെ വണ്ടി നീങ്ങിത്തുടങ്ങും എന്നതാണ് സ്ഥിതിവിവരം. മുന്നിലുള്ള ഡ്രൈവറും ലൈറ്റ് പച്ചയാവാൻ കാത്തുകിടക്കുകയാണ്. വണ്ടി പാർക്കു ചെയ്തു വഴിമുടക്കുകയല്ല. എങ്കിലും എന്തൊരു കോലാഹലമാണു നാം ഓരോ തവണയും കാണുന്നത്! എന്റെ ഡ്രൈവർക്കുമുണ്ട് ആ രോഗം. തന്നേക്കാൾ സാവധാനം വണ്ടി ഓടിക്കുന്ന ഒരു ഡ്രൈവറാണു മുന്നിലെങ്കിലും പിന്നെ പിന്നെ ഹോണടിതന്നെ ഹോബി. ഇത്രയും ശ്രദ്ധിച്ചാൽ സ്വഭാവത്തിന്റെ മൂന്നു ഘടകങ്ങൾ നാം കണ്ടെത്തുന്നു. ഒന്ന്, അനുസരണവും നിയമവിധേയത്വവും ഉണ്ട്. രണ്ട്, ദുർബലരെക്കുറിച്ച് കരുതലുണ്ട്. മൂന്ന്, ക്ഷമ കുറവാണ്. നമ്മുടെ സ്വഭാവത്തെ നാം സ്വയം അപഗ്രഥിച്ചു നന്മകൾ ശക്തിപ്പെടുത്താനും പോരായ്മകളെ ഉന്മൂലനം ചെയ്യാനും ഈ നോമ്പു കാലം ഉപയോഗപ്പെടുത്തണം.

ഗതിവേഗത്തക്കുറിച്ച് പറഞ്ഞു: പണ്ടൊക്കെ നമുക്കു ദൂരത്തുള്ള ഒരു വ്യക്തിയോടു ഫോണിൽ സംസാരിക്കണമെങ്കിൽ ധാരാളം ക്ഷമ വേണമായിരുന്നു. ഇപ്പോൾ അതൊന്നും വേണ്ട. അങ്ങനെ ക്ഷമ അത്യന്താപേക്ഷിതമല്ലാതായിരിക്കുന്നു. പള്ളിക്കൂടത്തിൽ പട്ടികകൾ പഠിപ്പിച്ചിരുന്നു പണ്ട്. ഇപ്പോൾ സമയം അറിയാനും അലാറം വയ്ക്കാനും പരസ്പരം ബന്ധപ്പെടാനും എല്ലാം മൊബൈൽ ഫോൺ! അടുത്തകാലംവരെ ഫോണിനും പരിമിതികൾ ഉണ്ടായിരുന്നു. വാട്സാപ്പ് വന്നതോടെ അതും മാറി. ഇതിന്റെയൊക്കെ പരിണതഫലമാണു വർദ്ധിക്കുന്ന അക്ഷമ. അതു നമ്മെയെല്ലാം ബാധിക്കുന്നു. വിളിച്ചാൽ ഉടനെ കിട്ടണം. യാത്രതിരിച്ചാൽ ഉടനെ എത്തണം.

ഇതിനൊപ്പം മത്സരം കൂടെ ചേരുമ്പോൾ അപരൻ അന്യനും അപ്രസക്തനുമായി ഭവിക്കുന്നു. അപരനുവേണ്ടി കരുതുവാൻ നമുക്കു നേരവും ഇല്ല, മനസ്സുമില്ല.

# ക്ഷമയുടെ മഹത്വം

സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ
നീലംപേരൂർ

ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമെ എന്ന് നമ്മൾ പ്രാർത്ഥിക്കുന്നുണ്ട ല്ലോ. ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുകൊണ്ടാണ് ഞങ്ങളോടും ക്ഷമിക്കണമേ എന്ന് പ്രാർത്ഥിക്കുന്നത്. അല്ലാ എങ്കിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുക യില്ലല്ലോ. ക്ഷമ ഹൃദയത്തിലെ മുറിവ് ഉണക്കുന്ന ഉത്തമ മരുന്നാണ്.

വി. മത്തായിയുടെ സുവിശേഷം 18:21-35ൽ പറയുന്നു അപ്പോൾ പത്രോസ് അവന്റെ അടുക്കൽ വന്ന് കർത്താവേ സഹോദരൻ എത്ര വട്ടം എന്നോടു പിഴ ച്ചാൽ ക്ഷമിക്കേണം. ഏഴുവട്ടം മതിയോ എന്ന് ചോദിച്ചു. യേശു അവനോട് ഏഴുവട്ടമല്ല എഴുപതുവട്ടം എന്ന് ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. നാം നിരന്തരം ക്ഷമിക്കണം എന്നുള്ള അർത്ഥത്തിലാണ് അങ്ങനെ പറഞ്ഞത്. തുടർന്ന് ഉപമകളാൽ അവനോടു പറഞ്ഞു.

തന്റെ യജമാനന് പതിനായിരം താലന്ത് കടപ്പെട്ട ദാസൻ കടം വീട്ടുവാൻ നിവർത്തിയില്ലാതെ വീണു നമസ്ക്കരിച്ച് യജമാനനേ എന്നോടു കരുണ തോന്ന ണമെ, ഞാൻ കടം വീട്ടിക്കൊള്ളാം എന്നു പറഞ്ഞു. ഒരു താലന്ത് എന്നു പറ ഞ്ഞാൽ 24 കി.ഗ്രാം സ്വർണ്ണം ഒരിക്കലും കൊടുത്തു തീർക്കാൻ പറ്റാത്ത തുക യാണ്. അവന്റെ യാചന കേട്ട് മനസ്സലിഞ്ഞ് യജമാനൻ ഇളപ്പു കൊടുത്തു. ഈ ദാസൻ പോകുമ്പോൾ അവന് നൂറ് വെള്ളിക്കാശ് കടപ്പെട്ട ഒരു കൂട്ടു ദാസനെ കണ്ട് തൊണ്ടക്ക് ഞെക്കി എന്റെ കടം തീർക്കുക എന്നു പറഞ്ഞു. അവന്റെ കൂട്ടു ദാസൻ എന്നോടു കരുണ തോന്നേണമേ, ഞാൻ തന്നു തീർക്കാം എന്ന് അവനോടു പറഞ്ഞു. അവൻ ക്ഷമിച്ചില്ല, തടവിലും ആക്കിച്ചു. കൂട്ടുകാ രൻ വിവരം യജമാനനെ അറിയിച്ചു യജമാനൻ കടം തീർക്കുവോളം അവനെ തടവിൽ ആക്കിച്ചു. വലിയ കടം ക്ഷമിച്ചു കിട്ടിയവൻ ചെറിയ കടം ക്ഷമിച്ചു കൊടുത്തില്ല. ദൈവം ആദ്യമേ ക്ഷമിച്ചു. ആ ക്ഷമ അനുഭവിക്കണമെങ്കിൽ നിന്റെ സഹോദരനോട് നീയും ക്ഷമിക്കണം. സഹോദരനോട് കോപിക്കുന്ന വൻ എല്ലാം ന്യായവിധിക്ക് യോഗ്യനാകും. സഹോദരനോട് നിസ്സാരം എന്നു പറഞ്ഞാലോ ന്യായാധിപ സഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും. മൂഢ എന്നു പറഞ്ഞാലോ അഗ്നി നരകത്തിന് യോഗ്യനാകും. ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ച് ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നു കൊൾക, പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക മത്താ.5:22-24. ദൈവത്തിന് ബലി അർപ്പിക്കണ മെങ്കിൽ സഹോദരനോട് ക്ഷമിക്കേണ്ടിയിരിക്കുന്നു.

പ്രതികാരം നിങ്ങൾ ചെയ്യേണ്ട, അത് ദൈവത്തിനു വിടുക. ശത്രുവിന് വിശക്കുന്നു എങ്കിൽ അവന് തിന്മാൻ കൊടുക്കുക. ദാഹിക്കുന്നു എങ്കിൽ കുടി പ്പാൻ കൊടുക്ക അങ്ങനെയെങ്കിൽ നീ അവന്റെ മേൽ തീക്കനൽ കത്തിക്കും. റോമർ. 12:19-20. ക്ഷമിക്കുന്നതിലൂടെ സഹോദരനെ നിന്റെ വശത്തേക്ക് അടു പ്പിക്കുകയാണ്.

ജോസഫിന്റെ സഹോദരന്മാർ ധാന്യം കൊള്ളുവാൻ ചെന്ന കാര്യം ഓർക്കു ക. അവൻ എല്ലാം ക്ഷമിച്ചു. ദൈവം അറിയാതെ ഒന്നും നടക്കുകയില്ലല്ലോ.

മറക്കാതിരുന്ന് വീണ്ടും പ്രതികാരം ചെയ്യുന്നത് ശരിയല്ല. പൂർണ്ണമായ ക്ഷമയാണ് ആവശ്യം. ക്ഷമയിൽ കൂടി ലഭിക്കുന്ന മന:ശക്തിയും സ്വസ്ഥതയും ഉയരത്തിൽ നിന്നുള്ള വലിയ ദാനമാണന്ന കാര്യം മറക്കണ്ട.

അമ്പതു നോമ്പിൽ നാം ആത്മ പരിശോധന നടത്തണം. നമുക്കു ക്ഷമാശീലം കുറയുന്നുണ്ടോ? "ഏതു മനുഷ്യനും കേൾപ്പാൻ വേഗവും പറവാൻ താമസവും കോപത്തിനു താമസവുമുള്ളവൻ ആയിരിക്കട്ടെ". എന്ന് യാക്കോബ് തന്റെ കാതോലിക ലേഖനത്തിൽ (1:19) പറയുന്നു. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല എന്നതാണു യാക്കോബിന്റെ അടുത്ത വാക്യം.

അക്ഷമയിൽനിന്നാണു കോപം ജനിക്കുന്നത്. മൂഢൻ തന്റെ കോപത്തെ വെളിപ്പെടുത്തു ന്നു. ജ്ഞാനി അതിനെ അടക്കി ശമിപ്പിക്കുന്നു എന്നു ശലോമോൻ സുഭാഷിതങ്ങളിൽ (29:11) നിരീക്ഷി ക്കുന്നുണ്ട്. കോപത്തിനു യവനഭാ ഷയിൽ രണ്ടു വാക്കുകളുണ്ട്. തൂമോസും ഓർഗും. തൂമോസ് ക്ഷിപ്രകോപമാണ്. പെട്ടെന്നു വരും, പെട്ടെന്നു പോകും. ഓർഗ് മനസ്സിൽ ഓമനിച്ചു വളർത്തുന്ന വാശിയാണ്. ഉമിത്തീപോലെ കിടന്നു നീറുന്ന കോപം.

രണ്ടും തമ്മിലുള്ള ഭേദം തോതിലാണ്, സ്വഭാവത്തിലല്ല എന്നു ഭാഗ്യസ്മരണാർഹനായ പി. എ. പൗലോസ് കോർ എപ്പി സ്കാപ്പ (1904-87) പറയുമായിരു ന്നു. അദ്ദേഹം പഠിപ്പിച്ചു. "വാശി തീർത്തും അക്രൈസ്തവമാണ്. കരുണയാണു ക്രിസ്തീയഉപദേശ ത്തിന്റെ കാതൽ. ധർമ്മം കൊടു ക്കുന്ന കരുണ. അതുകൊണ്ട് ഓർഗ് കൂടിയ ഇനംതന്നെ. എന്നു വച്ചു തൂമോസ് നിഷിദ്ധമല്ലാതാകു ന്നില്ല. അതിനെ കീഴടക്കാൻ ശ്രമി ക്കണം. താല്ക്കാലികമായ ഭ്രാന്താണു കോപം എന്നു സെനക്ക പറഞ്ഞിട്ടുണ്ട്. Anger is the outburst of frustration എന്നു മനഃശാസ്ത്രജ്ഞൻ പറയും. കോപത്തെ ലഘുവായി കാണരു ത്.

ഈ നോമ്പു ക്ഷമ വർദ്ധിപ്പി ക്കാനും കോപം കുറയ്ക്കാനു മുള്ള പരിശീലനമായി ഉപയോഗി ക്കാൻ നമുക്കു ശ്രമിക്കാം.

അനുബന്ധധ്യാനത്തിനു വായി ക്കുക. (യാക്കോ. 1:13-12, എഫേ. 4:32-5:4,5:15-21).

# സമകാലിക വായന
# രാഷ്ട്രീയ കൊലപാതകങ്ങൾ: ഒരു വായന

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

ക്യാമ്പസ് രാഷ്ട്രീയത്തിൽ അടർന്നുവീണ അഭിമന്യുവിന്റെ അമ്മയുടെ 'നാൻ പെറ്റ മകനേ,എൻ കിളിയെ' എന്ന വിലാപം ഉയർത്തിയ ഞെട്ടലിൽനിന്ന് മലയാളക്കര ഉയിർത്തെഴുന്നല്ക്കുന്നതിന് മുമ്പ് തന്നെ, കാസർഗോട്ട് പെരിയയിൽ കൃപേഷിന്റെയും ശരത്ലാലിന്റെയും കൊലപാതകത്തെക്കുറിച്ചുള്ള വാർത്ത ഹൃദയഭേദകമായാണ് നാം ശ്രവിച്ചത്. 19 ഉം 28 ഉം വയസ്സുകളുള്ള യുവാക്കൾ രാഷ്ട്രീയ പക പോക്കലിന്റെ ഇരകളായിത്തീർന്നതിന്റെ ഞെട്ടൽ ഇനിയും വിട്ടുമാറിയിട്ടില്ല.

ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് രാഷ്ട്രീയ കൊലപാതകങ്ങൾ ഉൾപ്പെടെ ഒരു വർഷം കേരളത്തിൽ ശരാശരി 300 കൊലപാതകങ്ങൾ നടക്കുന്നുണ്ട്. രാഷ്ട്രീയ വൈര്യത്തിന്റെ പേരിൽ 2018 ൽ നാലുപേരും, 2017 ൽ അഞ്ചുപേരും കൊല്ലപ്പെട്ടു.

ഫെബ്രുവരി 18-നാണ് കാസർഗോഡ് പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷും, ശരത്ലാലും കൊല്ലപ്പെട്ടത്. മറ്റെല്ലാ കൊലപാതകങ്ങളുംപോലെ ഇതിലും നഷ്ടങ്ങളുടെ കണക്കു പുസ്തകത്തിലെ പേജുകൾ അനവധിയാണ്. മുറ്റംപോലുമില്ലാത്ത ഓല മറച്ച കുടിലിൽ പെയിന്റിങ്ങ് തൊഴിലാളിയായ കൃപേഷിന്റെ അച്ഛനും, അമ്മയും, പ്ലസ് ടൂവിന് പഠിച്ചുകൊണ്ടിരിക്കുന്ന സഹോദരിയുടെയും ഏക പ്രതീക്ഷയായിരുന്ന യുവാവിനെയാണ് നഷ്ടപ്പെട്ടത്.

മാംഗ്ളൂരിൽനിന്ന് സിവിൽ എൻജിനിയറിംഗ് പഠനം പൂർത്തിയാക്കിയ ശരത്ലാൽ, നാട്ടിലെ എല്ലാ പരിപാടികൾക്കും സജീവമായിത്തന്നെ ഉണ്ടായിരുന്നു. കുട്ടികൾക്ക് നാടകപരിശീലനം നടത്തിക്കൊണ്ടിരുന്ന ആ യുവാവ് നാടക സംവിധാനത്തിലും പ്രാഗത്ഭ്യം തെളിയിച്ചവനാണ്.

'പരിഷ്കൃത സമൂഹത്തിന് നാണക്കേട് ഉണ്ടാക്കിയ സംഭവമെന്നാണ് ബഹു. കേരള ഹൈക്കോടതി ഈ സംഭവത്തെ വിമർശിച്ചത്. മുൻ രാഷ്ട്രീയ അക്രമങ്ങളുടെ തിരിച്ചടിയായി കൊലനടന്നതെന്ന വെളിച്ചത്തിൽ, കോടതിയുടെ ഈ നിരീക്ഷണം നമ്മുടെ ഇത്തരം പ്രവർത്തികളെക്കുറിച്ച് ഒരു വിചിന്തനം നടത്താനുള്ള പ്രേരണയല്ലേ നല്കുന്നത് എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. സംസാരിച്ച് തീർക്കാമായിരുന്ന നിസ്സാര വിഷയങ്ങളിൽ അതിനൊരു സാഹചര്യം സൃഷ്ടിക്കാതെ വിദ്വേഷം വച്ച് പുലർത്തി, വളരെ ആസൂത്രിതമായി പ്രതികാര നടപടിയെന്നോണം പ്രവർത്തിച്ചതിന്റെ ഫലം രണ്ട് അമ്മമാർക്ക് ഏക ആൺതരികളെ നഷ്ടപ്പെടുത്തി. സഹിഷ്ണുതയുടെ പാഠങ്ങൾ ഒന്ന് ശീലിച്ചിരുന്നുവെങ്കിൽ എത്ര നന്നായേനേ?

'പകരത്തിന് പകരം' എന്ന പ്രാകൃത നീതിയുടെ അടിസ്ഥാനത്തിൽ ഇത് നടത്തപ്പെട്ടപ്പോൾ മാനുഷിക മൂല്യങ്ങൾക്ക് എന്തുവില കല്പിക്കുന്നു എന്ന ചോദ്യത്തിലേക്ക് നമ്മെ നയിക്കുന്നു. തലമുറകളായി നാം കാത്തുസൂക്ഷിച്ചുകൊണ്ടിരുന്നതും, ഏറ്റവും മൂല്യമേറിയതുമായ ഐക്യം, മറ്റുള്ളവരുടെ നന്മ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ, സ്നേഹജീവിതം എന്നീ മൂല്യങ്ങൾക്ക് നമ്മുടെ ഇന്നത്തെ ജീവിതത്തിൽ എന്തു പ്രാധാന്യമുണ്ട് എന്നതിനെക്കുറിച്ചും ചിന്തിക്കുവാൻ വഴിയൊരുക്കുന്നു. നീതിയുടെയും, ധാർമ്മികതയുടെയും, നവോത്ഥാന മൂല്യങ്ങളുടെയും വഴി അടച്ചുള്ള ജീവിതമാണോ നാം ജീവിക്കുന്നത് എന്നതും ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ കൊലപാതകത്തിലൂടെ അനാഥരാക്കപ്പെടുന്ന മാതാപിതാക്കളുടെയും, സഹോദരങ്ങളുടെയും, കണ്ണീരൊപ്പുവാൻ ആർക്കു സാധിക്കുമെന്നതും പരിശോധിക്കേണ്ടിയിരിക്കുന്നു. പരസ്പരം ബഹുമാനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉണ്ടായി. എല്ലാവർക്കും ഈ സമൂഹത്തിൽ നിലനിൽക്കുവാൻ അവകാശമുണ്ടെന്നും, സർവ്വർക്കും അവരുടേതായ പ്രാധാന്യം ഉണ്ടെന്നതും, അവർക്കുള്ള പ്രവർത്തനത്തിന് അവസരം നല്കണമെന്നതും പഠിപ്പിക്കുന്നു. ഇഷ്ടമില്ലാത്തവരെ ഇല്ലായ്മ ചെയ്യുന്നതല്ല, അവരെക്കൂടെ ഉൾപ്പെടുത്തി വളർത്തുകയത്രെ അഭികാമ്യം.

രാഷ്ട്രീയ ജീവിത ത്തിൽ ഫലവത്താക്കേണ്ട ചിന്ത ഇവിടെ വെളിപ്പെടുന്നത്, രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം ഒരിക്കലും സ്വാർത്ഥതയ്ക്കുവേണ്ടിയാകരുത് എന്നതും പരസ്പര ബഹുമാനത്തോടെയും, പരസ്പരമുള്ള കരുതലിലൂടെയും, തങ്ങൾക്ക് ലഭ്യമായ സാധ്യതകളും, അവസരങ്ങളും തക്കത്തിൽ വിനിയോഗിച്ച് സമൂഹ നന്മക്കുവേണ്ടി പ്രവർത്തിക്കണമെന്നതാണ്.

ഉപസംഹാരമായി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്, ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമ്പോൾ രാഷ്ട്രീയ പ്രവർത്തനത്തെ വിലക്കണമെന്നല്ല, പ്രവർത്തകരുമായി സഹകരിക്കരുത് എന്നുമല്ലാ ആദർശമുള്ള, അഴിമതിയുടെ കറപുരളാത്ത രാഷ്ട്രീയ നേതൃത്വം വളർന്നവരാനുള്ള ഉദ്യമത്തിൽ നമുക്കും പങ്കുണ്ട് എന്നതാണ്. പരസ്പരം സഹകരിച്ച്, സമൂഹനന്മ എന്ന ഏക ലക്ഷ്യസാക്ഷാത്കാരത്തിനായി പ്രവർത്തിക്കുന്നവരെ നമുക്ക് പ്രോത്സാഹിപ്പിക്കാം. അതിലൂടെ അക്രമരാഷ്ട്രീയത്തിനറുതി വരുത്താനുള്ള ശ്രമത്തിൽ കൈകോർക്കാം.

# വിവാഹിതരായി




Chingavanam St. John's Puthenpally ഇടവകയിൽപ്പെട്ട Thekkemadathil, Sunny Kuriakose ന്റെയും Manju Sunny യുടെയും മകൻ **Elveis Sunny** യും Vallamkulam St. Mary's Bethel Pally ഇടവകയിൽപ്പെട്ട ചിറേൽപ്പറമ്പിൽ Shaji C. C. യുടെയും Lizy Shaji യുടെയും മകൾ **Renju Shaji** യും തമ്മിലുള്ള വിവാഹം ജനുവരി 17-ാം തീയതി St. John's Puthen Pally യിൽ വച്ച് അഭിവന്ദ്യരായ ഡോ. കുറിയാക്കോസ് മാർ തെയോഫിലോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്താമാരുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# വിവാഹിതരായി




വാകത്താനം പുതുശ്ശേരി സെന്റ് സൈമൺസ് പള്ളി ഇടവകയിൽ ആമക്കാട്ട് വീട്ടിൽ ജോസിന്റെയും മോളിയുടേയും മകൻ **ജോമി ജോസും** ചാന്നാനിക്കാട് സെന്റ് മേരീസ് ജെറുസേലേം ഇടവകയിൽ കുര്യൻപറമ്പിൽ റെജിയുടേയും മിനിയുടേയും മകൾ **നിക്കിയും** തമ്മിലുള്ള വിവാഹം 09-02-2019 ശനിയാഴ്ച വാകത്താനം പുതുശ്ശേരി സെന്റ് സൈമൺസ് പള്ളിയിൽ നടത്തപ്പെട്ടു.

# വിവാഹിതരായി



American Dallas St. Thomas Knanaya പള്ളി ഇടവകയിൽ Abraham Thomas (Raju Koottupuzha Aythala St. Kuriakose Church) ന്റെയും Lizzy Abraham ന്റെയും മകൻ **Doctor Kevin Abraham** ഉം Dallas Christ the King Knanaya Catholic Church ഇടവകയിൽ Kishore Tharayil ന്റേയും (കൈപ്പുഴ കോട്ടയം) Sheeba Tharayil ന്റെയും മകൾ **Doctor Asha Tharayil M. D** യും തമ്മിലുള്ള വിവാഹം ദൈവകൃപയാൽ 2018 September 1 –ാം തീയതി അഭിവന്ദ്യ Dr. Mor Silvanos Ayub തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.

Advt - R

# വിവാഹിതരായി



ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ, പ്ലാത്തോട്ടത്തിൽ കൊച്ചുചക്കാലത്തറയിൽ ബേബിയുടെയും സുജ ബേബിയുടെയും മകൾ **Elma Baby** യും രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ വലിയ പള്ളി ഇടവകയിൽ എഴുത്തുപള്ളിയിൽ ജേക്കബിന്റെയും സലോമി ജേക്കബിന്റെയും മകൻ **Jibu Jacob Kurian** ഉം തമ്മിലുള്ള വിവാഹം 2019 ജനുവരി 3 –ാം തീയതി രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ പള്ളിയിൽ വച്ച് അഭിവന്ദ്യ ഐസക് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O




## CONGRATULATIONS

**Praise the Lord**

**"നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതക്കു പ്രകാശവും ആകുന്നു."** Psalm 119.105





റാന്നി ഐത്തല വാണിയെടത്ത് വി. ടി. മാത്യുവിന്റെയും (മോൻസി) ഡെയ്സി മാത്യുവിന്റെയും മകൾ **ഡോ. പ്രിനി മാത്യുവും**, മകൻ **ഡോ. ജെഫ്രി മാത്യുവും** ഭോപ്പാൽ L. N. മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് സെന്ററിൽ നിന്നും M.B.B.S ൽ ഉന്നത വിജയം കരസ്ഥമാക്കി. ഇപ്പോൾ ഇരുവരും ഹൗസ് സർജൻസി ചെയ്തുകൊണ്ടിരിക്കുന്നു. ഇവർ ഷാർജ സെന്റ് മേരീസ് ക്നാനായ ചർച്ച് അംഗങ്ങളും, ഐത്തല സെന്റ് കുറിയാക്കോസ് പള്ളി ഇടവകാംഗങ്ങളുമാണ്.

**Best wishes**
Dr. Nithin Zachariah Kunnirikal
Dr. Pinky Mathew Kunnirikal

Advt - O

## വിവാഹിതരായി



Advt - O

ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളി ഇടവകയിൽ മണിമലപറമ്പിൽ ജേക്കബ് എം. തോമസ് (സാംകുട്ടി) ന്റെയും ഷീനാ ജേക്കബിന്റെയും മകൻ **മാത്യു ജേക്കബും**, കറ്റോട് സെന്റ് മേരീസ് പള്ളി ഇടവകയിൽ, തിരുവല്ല കുറ്റപ്പുഴ വാലയിൽ പരേതരായ ഏബ്രഹാം പുന്നൂസിന്റെയും സിനു പുന്നൂസിന്റെയും മകൾ **ചിന്നു പ്രിയ പുന്നൂസും** തമ്മിലുള്ള വിവാഹം 2019 ജനുവരി 26 –ന് ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ വച്ചു നടത്തപ്പെട്ടു.



നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി ഇടവകയിൽ പരവൻഞ്ചേരിൽ സണ്ണി ജോസഫിന്റെയും എൽസി സണ്ണി യുടെയും മകൻ **ചിക്കു ആൻഡ്രൂസും** ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ ചിറപുരയിടത്തിൽ ജേക്കബ് സി. കുര്യാക്കോസിന്റെയും, ജിജി ജേക്കബിന്റെയും മകൾ **ചിച്ചു ജേക്കബും** തമ്മിലുള്ള വിവാഹം 7/02/2019–ൽ നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയ പള്ളിയിൽ വച്ച് നടന്നു.



കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം: ദൈവശാസ്ത്ര-മന:ശാസ്ത്ര വീക്ഷണത്തിൽ

### സമത്വം- മാതൃകാ കുടുംബത്തിന്റെ അടിസ്ഥാനം

ക്രിസ്തീയ കുടുംബത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഒന്നാണ് സ്ത്രീപുരുഷസമത്വം. സമഭാവനയിൽ ജീവിക്കുന്ന ദമ്പതികൾ മാതൃകാ ദാമ്പത്യത്തിന്റെ ഉദാഹരണമാണ്. പ്രകൃതിയുടെ മുൻപിലും ദൈവത്തിന്റെ മുൻപിലും സ്ത്രീയും പുരുഷനും സമമാണ്. ഒരാൾ മറ്റൊരാളേക്കാൾ ഉന്നതരോ താഴ്ന്നതോ അല്ല, പ്രത്യുല്പാദന കർമ്മത്തിലും പ്രകൃതിയുടെ നിലനിൽപ്പിനും രണ്ടുപേർക്കും തുല്യപ്രധാനമാണ്.

വികാരിയച്ചന്റെ സ്വീകരണമുറിയിലെ സോഫായിലിരിക്കുമ്പോൾ ജോസഫിനും ലിസ്സിക്കും പരസ്പരം നോക്കുവാൻ പോലും ധൈര്യമില്ലായിരുന്നു. ഒരു തരം ജാള്യത.

“നിങ്ങളെന്താ ഭരണപക്ഷവും പ്രതിപക്ഷവുമാണോ? സോഫായിൽ അകന്നിരിക്കാതെ അടുത്തിരുന്നേ. നിങ്ങളെ ദൈവം സംയോജിപ്പിച്ചതാ. അകന്നിരിക്കാതെ അടുത്തിരിക്ക്” അല്പം ചമ്മലോടെ അച്ചന്റെ വാക്കുകൾ അനുസരിച്ചു. എങ്കിലും പരസ്പരം മുട്ടാതിരിക്കുവാൻ രണ്ടുപേരും ശ്രദ്ധിക്കുന്നത് കണ്ട് അച്ചൻ ചിരിച്ചുപോയി.

ഉച്ചകഴിഞ്ഞപ്പോൾ ജോസഫിന്റെ ഓഫീസിലേക്ക് അച്ചൻ വിളിച്ചു. ഇന്നു വൈകുന്നേരം ചില കാര്യങ്ങൾ സംസാരിക്കുന്നതിന് അച്ചന്റെ പാഴ്സണേജിലേക്ക് വരുവാൻ അറിയിച്ചുകൊണ്ട്. ഇത് ലിസ്സിയുമായുള്ള കൂടികാഴ്ചയ്ക്കായിരുന്നുവെന്ന് ജോസഫിന് മനസ്സിലായിരുന്നില്ല. അച്ചൻ വിളിച്ചതനുസരിച്ച് റ്റോമിയെയും കൂട്ടിക്കൊണ്ട് ലിസ്സി വന്നപ്പോൾ ലിസ്സിയും വിചാരിച്ചില്ല ജോസച്ചായൻ കാണുമെന്ന്. അല്പം കഴിഞ്ഞുവരാമെന്ന് പറഞ്ഞ് റ്റോമിച്ചായൻ പോയപ്പോൾ ലിസ്സിക്കു മനസ്സിലായത് തന്റെ ജീവിതം നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനുവേണ്ടി അച്ചനും റ്റോമിച്ചായനും കൂടി ക്രമീകരിച്ച പദ്ധതിയാണ് ഈ സായാഹ്ന കൂടിവരവെന്ന്.

അച്ചൻ കൊടുത്ത കാപ്പി ഊതിക്കുടിച്ചുകൊണ്ട് നിശബ്ദമായിരുന്നു. രണ്ടുപേരുടെയും മുഖത്ത് നോക്കിക്കൊണ്ട് സ്വരം അല്പം ഉയർത്തി അച്ചൻ പറഞ്ഞു.

കല്യാണം കഴിഞ്ഞാൽ നിന്റെയൊക്കെ സൗകര്യത്തിന് ജീവിക്കാമെന്ന് ആരാ നിങ്ങളോട് പറഞ്ഞത്? ഇവിടെ സഭയും കുടുംബക്കാരുമൊക്കെയുണ്ട്. നിങ്ങളുടെ തോന്ന്യവാസം നടക്കില്ല. കെട്ടിയപെണ്ണിനെ തല്ലാനും കെട്ടിയവനെയും കുഞ്ഞുങ്ങളെയും ഇട്ടെറങ്ങിപ്പോകാനും നീയൊക്കെ തീരുമാനിച്ചാൽ ഞങ്ങളെന്നാ നോക്കിയിരിക്കണോ? ഇന്ത്യയുടെ ഭരണഘടനയനുസരിച്ച് എങ്ങനെവേണമെങ്കിലും ജീവിക്കാൻ നിനക്കൊക്കെ സ്വാതന്ത്ര്യമുണ്ടാകും. പക്ഷെ തമ്പുരാൻ കൂട്ടിച്ചേർത്തതാണ്. ന്യായവിധിയിൽ കണക്കു ബോധിപ്പിക്കേണ്ടിവരും. നിങ്ങൾ നിങ്ങളെക്കുറിച്ച് മാത്രമെ ചിന്തിച്ചുള്ളൂ. നിങ്ങളുടെ കുഞ്ഞുങ്ങൾ, മാതാപിതാക്കൾ, ബന്ധുമിത്രാദികൾ ഇവരൊക്കെ അനുഭവിക്കുന്ന സങ്കടങ്ങളെക്കുറിച്ച് നിങ്ങൾ അല്പമെങ്കിലും ചിന്തിച്ചോ. എല്ലാവരെയും വിട്ടേച്ച് എട്ടുപൊട്ടും തിരിയാത്ത ആ രണ്ട് കുഞ്ഞുങ്ങളുടെ കണ്ണുനീരിന് നിങ്ങൾ എന്തുമറുപടി പറയും.

രണ്ടുപേരും ഞെട്ടിത്തരിച്ചുപോയി. ഇന്നുവരെ അച്ചന് ഇങ്ങനെയൊരു മുഖമുണ്ടെന്ന് അവർ അറിഞ്ഞിട്ടില്ല. പൊതുവെ ശാന്തപ്രകൃതക്കാരനും സൗമ്യമായിമാത്രം സംസാരിക്കുന്നവനുമായി മാത്രമെ അച്ചനെ അവർക്കു പരിചയമുണ്ടായിരുന്നുള്ളൂ. അച്ചന്റെ ശകാരം കേട്ട് കുറ്റബോധത്താൽ രണ്ടുപേരുടെയും തലകുനിഞ്ഞുപോയി.

“കുനിഞ്ഞിരിക്കേണ്ട, കാപ്പി കുടിച്ചോളു. ഇനിയും ഒരിക്കലും തലകുനിക്കാതിരിക്കുന്നതിനുവേണ്ടി ഇപ്പോൾ അല്പസമയം കുനിഞ്ഞിരുന്നാലും കുഴപ്പമില്ല’.

ജോസഫ് ഒറ്റവലിക്കു കാപ്പി മുഴുവൻ കുടിച്ചു. അത്രയുള്ള പൊട്ടീരല്ലെ അച്ചൻ കൊടുത്തത്. ലിസ്സി നിറഞ്ഞ കണ്ണുകളോടെ കാപ്പികപ്പിനെ താലോലിച്ചുകൊണ്ട് കാപ്പി കുടിക്കാതെയിരുന്നു.

“കപ്പിനെയല്ല താലോലിക്കേണ്ടത്. സ്വന്തം മക്കളെയാണ് താലോലിക്കേണ്ടത്. ഇങ്ങനെയൊരു തലോടലും ഉമ്മയും കിട്ടാൻ ചാക്കോച്ചനും അന്നമ്മയും എത്രമാത്രം കൊതിക്കുന്നുണ്ടെന്ന് ലിസ്സിക്കറിയാമോ?

അച്ചന്റെ വാക്കുകൾ കേട്ട് ലിസ്സിയുടെ സകലനിയന്ത്രണവും വിട്ട് പൊട്ടിക്കരഞ്ഞുപോയി. അത് കണ്ട് ജോസഫിനും സങ്കടം വന്നു.

"കരഞ്ഞോ കരഞ്ഞോ, ഇപ്പോൾ കരഞ്ഞുകൊള്ളൂ. ഇനിയും ഒരിക്കലും കരയാതിരിക്കാൻ ഇപ്പോൾ കരയുന്നത് നല്ലതാണ്. ആ കുഞ്ഞുങ്ങളെമാത്രം ഓർത്തിരുന്നുവെങ്കിൽ ലിസ്സിക്ക് ഇറങ്ങിപ്പോകുവാൻ കഴിയുമായിരുന്നുവോ?

ലിസ്സിക്ക് ഒന്നും മിണ്ടുവാനില്ലായിരുന്നുവെന്ന് മാത്രമല്ല വാക്കുകൾ തൊണ്ടയിൽ കുരുങ്ങികിടക്കുന്നുവെന്ന് ഏങ്ങലടികൾ വിളിച്ചു പറയുന്നുണ്ടായിരുന്നു.

"കെട്ടിയപെണ്ണിനെ തല്ലാൻ നിനക്കാരാ അനുവാദം തന്നത്. അവൾ എന്താ നിന്റെ ഉപഭോഗവസ്തു ആണോ? മാത്രമല്ല അവൾക്കെതിരെ എന്തെല്ലാം അസംബന്ധങ്ങളാണ് നീ കോടതിയിൽ പറഞ്ഞത്. ഒന്നുമല്ലെങ്കിലും അവൾ നിന്റെയും നിന്റെ മക്കളുടെയും പരിചരണം ഇത്രയും നാൾ ഏറ്റെടുത്തിരുന്നെങ്കിലും ഓർക്കണമായിരുന്നു. ചെറിയ ഒരു പ്രശ്നം ഉണ്ടായാൽ ഉടൻ പഴയതെല്ലാം മറന്നു പോകുന്നു. മാത്രമല്ല നിന്റെ രണ്ടുമക്കളുടെ അമ്മയാണെന്നുകൂടി ഓർക്കണമായിരുന്നു".

കുനിഞ്ഞു തല ഉയർത്തുവാൻ ശേഷിയില്ലാതെ ജോസഫ് കുറ്റബോധത്താൽ തറയിലെ ടൈൽസിന്റെ വലിപ്പം അളന്നുകൊണ്ട് കണ്ണെടുക്കാതെയിരുന്നു. ജോസഫിന്റെ കണ്ണ് നിറയുന്നത് അവൻ തന്നെ തിരിച്ചറിഞ്ഞത് തറയിൽ വീണ രണ്ട് തുള്ളികൾ കണ്ടിട്ടാണ്. രണ്ടുപേരുടെയും അവസ്ഥ തിരിച്ചറിഞ്ഞ അച്ചൻ.

"രണ്ടുപേരും മുഖം കഴുകി മടങ്ങിവരിക. എനിക്കു ചില കാര്യങ്ങൾ പറയുവാനുണ്ട്".

വേഗത്തിൽ രണ്ടുപേരും വാഷ്ബെയിസന്റെ സമീപത്ത് മുഖം കഴുകി തിരിച്ചുവന്നു.

അച്ചൻ സംസാരിച്ചു തുടങ്ങിയപ്പോൾ നല്ല ശ്രോതാക്കളെപ്പോലെ ജോസഫും ലിസിയും ഇരുന്നു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. ലിംഗഭേദമല്ലാതെ മറ്റ് വ്യത്യാസങ്ങൾ ഇല്ലായിരുന്നു. സ്ത്രീയും പുരുഷനും വിവിധങ്ങളായ കഴിവുകളും ഉത്തരവാദിത്വങ്ങളും നൽകിയാണ് ദൈവം അവരെ സൃഷ്ടിച്ചത്. ഓരോ സൃഷ്ടിയും അതുല്യമാണ്. ഒന്ന് മറ്റൊന്നിനെക്കാൾ മെച്ചമോ താഴ്ന്നതോ അല്ല. സമത്വം ആവശ്യമാണ്.

''ക്രിസ്തു തലയും സഭ ശരീരവുമാകുന്നുവെന്നതുപോലെ പുരുഷൻ തലയും സ്ത്രീ ശരീരവുമാകുന്നുവെന്ന് പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നതനുസരിച്ച് സ്ത്രീപുരുഷസമത്വം എങ്ങനെ സാധ്യമാകും അച്ചോ? തലയാകുന്ന പുരുഷനല്ലെ പ്രധാന്യം. ശരീരമാകുന്ന ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കേണ്ടതല്ലെ? ശരീരത്തെക്കാൾ ശിരസ്സിനല്ലെ പ്രാധാന്യം"?

''ജോസഫെ, നീ പറഞ്ഞത് ശരിതന്നെ. എന്നാൽ ശിരസ്സിന്റെ ചുമതല എന്തെന്ന് നിനക്കറിയാമോ? ശരീരത്തിന്റെ സംരക്ഷണം ശിരസ്സിന്റെ ഉത്തരവാദിത്വമാണ്. ശിരസ്സ് ശരീരത്തെ നിയന്ത്രിക്കുന്ന ആജ്ഞകൾ നൽകുന്നുവെന്നത് ശിരസ്സിന്റെ അധീനത്വം കാട്ടുവാനല്ല, പ്രത്യുത ശരീരത്തിന്റെ സുരക്ഷയ്ക്കുവേണ്ടിയാണ്. ശിരസ്സ് ശരീരത്തെ സംരക്ഷിക്കുന്നതുപോലെ ശരീരമാകുന്ന ഭാര്യയുടെ സംരക്ഷണ ഉത്തരവാദിത്വം ശിരസ്സാകുന്ന ഭർത്താവിന് ആണ്. ശിരസ്സിന്റെ ചുമതലയാണ് ശരീരത്തെ കരുതുന്നതും സംരക്ഷിക്കുന്നതും". ജോസഫിന് വീണ്ടും സംശയം. "അച്ചോ അങ്ങനെയെങ്കിൽ വിവാഹകൂദാശയ്ക്ക് വായിക്കുന്ന പൗലോസ് ശ്ലീഹായുടെ ലേഖനം എഫേസ്യർ 5:22 മുതൽ 6:4 വരെയല്ലെ. അതിൽ പറഞ്ഞിരിക്കുന്നു: "എന്നാൽ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം. അപ്രകാരം ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കണമെന്നും വളരെ വ്യക്തമായി പറയുന്നുണ്ടല്ലോ".

"കൊള്ളാമല്ലോ ജോസഫെ. നീ പറഞ്ഞിരിക്കുന്നതു സത്യം തന്നെ. എന്നാൽ അതിനു മുൻപും പിൻപുമുള്ള വേദഭാഗം കൂടി നീ വായിച്ചുനോക്കിയിട്ടുണ്ടോ? അവിടെ പറഞ്ഞത് നീ വിഴുങ്ങിയോ അതോ മറന്നുപോയോ".

"ഞാൻ ഓർക്കുന്നില്ലച്ചോ" ജോസഫ് ഇളിഭ്യനായി പറഞ്ഞു.

"ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പീൻ" എന്നു പറഞ്ഞാൽ ക്രിസ്തു എങ്ങനെ സഭയെ സ്നേഹിച്ചുവെന്നത് ഫിലിപ്പിയർ 2:4-11 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. ക്രിസ്തു സ്വന്തജീവനെതന്നെ സഭയ്ക്കുവേണ്ടി നൽകിക്കൊണ്ടാണ് സഭയെ സ്നേഹിച്ചത്" "ജോസഫേ, നീയും അങ്ങനെതന്നെ നിന്റെ ജീവനെ നൽകികൊണ്ട് ലിസിയെ സ്നേഹിച്ചാൽ അവൾ നിനക്കു കീഴടങ്ങുവാൻ അവളോട് പ്രത്യേകം പറയേണ്ടതില്ല". സ്നേഹത്തിനു മുൻപിൽ കീഴടങ്ങാത്ത ഭാര്യമാരില്ല. കൈക്കരുത്തിനോ അധികാരത്തിനോ മുൻപിലല്ല സ്നേഹത്തിന്റെ മുൻപിലാണ് സ്ത്രീകൾ കീഴ്പ്പെടുന്നത്. അതുകൊണ്ട് കീഴടക്കലല്ല; കിഴടങ്ങലാണ് ആവശ്യം.

സ്ത്രീപുരുഷ സമത്വം സംജാതമാകുന്നത് എങ്ങനെയാണ് ശ്രദ്ധിക്കാം. അച്ചന്റെ വാക്കുകൾക്ക് ജോസഫും ലിസിയും ചെവിയോർത്തു.

ദൈവം മനുഷ്യരെ തുല്യമായി സൃഷ്ടിച്ചു ഓരോ മതവും സ്ത്രീകളെ രണ്ടാംകിട പ്രജയായി കാണുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. യഥാർത്ഥത്തിൽ ഈ വിവേചനം ദൈവസൃഷ്ടിയല്ല, മനുഷ്യസൃഷ്ടിയാണ്. സ്ത്രീ പുരുഷ സമത്വം മാതൃകാകുടുംബ ജീവിതത്തിന്റെ അടിസ്ഥാന ഘടകമാണ്. ജോസഫിന്റെ സംശയം.

"അച്ചോ എന്തുവന്നാലും കാഴ്ചയിൽത്തന്നെ, പ്രത്യേകിച്ച് ശരീരത്തിന്റെ അവസ്ഥയിൽ തന്നെ പുരുഷൻ സ്ത്രീയേക്കാൾ ശക്തനാകുന്നുവെന്ന് മനസ്സിലാക്കാമല്ലോ. ലിസിയും ഈ വിഷയത്തിൽ ജോസഫിന്റെ പക്ഷത്താണ്.

"അച്ചോ ആരോഗ്യം സ്ത്രീകളെക്കാൾ കൂടുതൽ പുരുഷന്മാർക്കാണല്ലോ. പിന്നെങ്ങനെയാണ് സ്ത്രീ പുരുഷ സമത്വം പറയുവാൻ കഴിയുന്നത്"

"ലിസ്സി, ഒരു മനുഷ്യന് ശരീരം മാത്രമല്ല; മനസ്സും ഉണ്ട്. ശാരീരികബലം പുരുഷനാണെങ്കിൽ മനോബലം സ്ത്രീക്കാണ്. പുരുഷന് ദൈവം ശാരീരികാരോഗ്യം കൂടുതൽ നൽകിയതിന്റെ കാരണം കുടുംബത്തിന്റെ ഉപജീവനമാർഗ്ഗം കണ്ടെത്തേണ്ടതും അദ്ധ്വാനിക്കേണ്ടതും പുരുഷന്റെ കടമയാകയാൽ ശരീരബലം അവന് ആവശ്യമാണ്. എന്നാൽ മാനസ്സികബലം സ്ത്രീക്കാണ് കൂടുതലായി ദൈവം നൽകിയിരിക്കുന്നത്.

(തുടരും)



# വലിയനോമ്പ് - ദൈവസ്നേഹത്തിന്റെ ആഴം അനുഭവിക്കുന്ന നിമിഷങ്ങൾ

**ഫാ. ജെയിൻ തോമസ്, കുളത്തുങ്കൽ**

വലിയനോമ്പ് ആചരിക്കുന്ന ഒരു നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണ്. കർത്താവായ യേശുക്രിസ്തുവിന്റെ ദൈവരാജ്യ ശുശ്രൂഷകളേയും അവിടുത്തെ പീഡാനുഭവത്തേയും കുരിശുമരണത്തേയും കബറടക്കത്തേയും ഉയർത്തെഴുന്നേൽപ്പിനേയും ധ്യാനിച്ച് ആ അനുഭവത്തിലൂടെ ഏകീഭവിച്ച് രക്ഷയുടെ സന്തോഷം അനുഭവിക്കുവാൻ വിശ്വാസികളെ ഒരുക്കുന്നതിനുള്ള സഭയുടെ ക്രമീകരണമാണ് നോമ്പ്. കർത്താവിന്റെ നാൽപതുദിവസത്തെ ഉപവാസത്തേയും, തുടർന്നുള്ള പത്തു ദിവസം പീഡാനുഭവത്തേയും, കുരിശുമരണത്തേയും അനുസ്മരിച്ചുകൊണ്ടാണ് പൗരസ്ത്യ സഭ നോമ്പ് അൻപത് ദിവസമായി ക്രമീകരിച്ചിരിക്കുന്നത്.

ഇത് സഭയിലെ ദൈർഘ്യമേറിയ നോമ്പായതുകൊണ്ട് വലിയനോമ്പ് എന്നറിയപ്പെടുന്നു. സുറിയാനിയിൽ സൗമോറാബോ (Great lent) എന്നും അമ്പതു ദിവസം നീണ്ടു നിൽക്കുന്നതു കൊണ്ട് അമ്പതുനോമ്പ് (Fifty days lent) എന്നും അറിയപ്പെടുന്നു.

പൗരസ്ത്യ സഭയിൽ നോമ്പാചരിക്കുന്നത് നിരപ്പിന്റെ ശുശ്രൂഷയോടുകൂടിയാണ് (ശുബുക്കോനോ). പേത്തുർത്താ' – എന്ന സുറിയാനി വാക്ക് "പേത്തുറോ" എന്ന പദത്തിൽ നിന്നാണ് വന്നിരിക്കുന്നത്. മേശ മേലുള്ള ഭക്ഷണം (Table Feast) എന്നാണ് അർത്ഥം. നോമ്പ് തുടങ്ങുന്നതിന് മുമ്പ് സമൃദ്ധമായ ഭക്ഷണം കഴിക്കുക എന്ന പതിവ് ഇന്നും സഭാ പാരമ്പര്യത്തിൽ തുടരുന്നു.

നോമ്പുകാലം അനുതാപത്തിനും, ആത്മതപനത്തിനും, അനുരഞ്ജനത്തിനും, രൂപാന്തരത്തിനും ഉള്ള അവസരമാണ്. ദൈവരാജ്യത്തിന്റെ അടയാളങ്ങളായി യേശു ചെയ്ത അത്ഭുതങ്ങളും, അടയാളങ്ങളും, രോഗശാന്തി പ്രവർത്തനങ്ങളും വിമോചന ശുശ്രൂഷകളുമാണ് നോമ്പിലെ ഞായറാഴ്ചകളിൽ ധ്യാന വിഷയമാക്കുന്നത്.

**നോമ്പ് ദൈവഹിതത്തിന് പരിപൂർണ്ണമായി വിധേയപ്പെടുത്തുവാൻ തയ്യാറാകുന്ന അനുഭവമാണ്.**

മനുഷ്യർ വ്യാമോഹങ്ങൾ വളരെ ഉള്ളവരാണ്. ഈ വ്യാമോഹങ്ങൾക്ക് മുകളിൽ ദൈവഹിതത്തെ പ്രതിഷ്ഠിക്കുവാൻ മനുഷ്യന് കഴിയണം; ഇല്ലായെങ്കിൽ നമ്മുടെ ആശകളും ആഗ്രഹങ്ങളും സഫലമാക്കുന്നതിനുവേണ്ടിയുള്ള ശ്രമമായിരിക്കും നാം നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് നോമ്പിന്റെ പ്രാർത്ഥനയിൽ പിതാക്കന്മാർ പാടുന്നു "നിന്റെയിഷ്ടം എന്റേതാവാനാശിക്കുന്നു....." കർത്താവിനെക്കുറിച്ചും, അവന്റെ ജീവിതവും പഠിപ്പിക്കലുകളും വികലമായ ധാരണകളിൽ നിന്നും നമ്മെ വിടുവിക്കുന്നു.

ദൈവഹിതമെന്ന പ്രഥമ ചിന്തക്കുള്ളിലാണ് യേശു സ്വന്ത അസ്തിത്വത്തേയും ഇഷ്ടാനിഷ്ടങ്ങളേയും കണ്ടതും, ഉൾക്കൊണ്ടതും, ജീവിച്ചതും. തന്മൂലം ദൈവഹിതത്തിന് പരിപൂർണ്ണമായി വിധേയപ്പെട്ട്, അനുദിന ജീവിത സമീപനങ്ങളെ ചിട്ടപ്പെടുത്തുവാൻ അവന് സാധിച്ചു. ഈ സമീപനം എല്ലാ മനുഷ്യരിലും ഉണ്ടാകണമെന്ന് യേശു ആഗ്രഹിച്ചു. അതിനാലാണ് നിങ്ങൾ എന്തു തിന്നും, എന്തെടുക്കും എന്ന് വിചാരപ്പെടാതെ, മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക എന്ന് യേശു പഠിപ്പിച്ചത്. (മത്തായി 6:33) നോമ്പിൽ നാം ഒരു ജീവിതശൈലി രൂപപ്പെടുത്തുകയാണ്. സ്വയമോഹത്തെ ത്യജിക്കുന്ന ഭക്ഷണ ക്രമങ്ങളും, സുഖലോലുപതയെ വിട്ടകലുന്ന ജീവിത ക്രമങ്ങളും അനുതാപത്തോടെ അനുരഞ്ജനം നടത്തുന്ന ആത്മീയ ശിക്ഷണവും, സ്നേഹത്തിൽ ഐക്യപ്പെടുന്ന സാമൂഹിക കൂട്ടായ്മകളും, അപരനെ ജീവന്റെ സമൃദ്ധി അനുഭവിക്കാൻ സഹായിക്കുന്ന സ്വയ ത്യാഗവും നോമ്പിന്റെ സ്വഭാവമത്രേ.

ഈ ജീവിത ശൈലിയിലൂടെ നാം സ്വാർത്ഥപരമായ ജീവിത വീക്ഷണങ്ങളോടും, ജീവിത രീതികളോടും, അന്യപ്പെടുവാൻ പഠിക്കും. അപ്പോൾ ദൈവഹിതം ജീവിതത്തെ നിയന്ത്രിക്കും. അതിനാൽ നോമ്പ് ദൈവഹിതത്തിന് പരിപൂർണ്ണമായി വിധേയപ്പെടുവാൻ നമ്മെ പഠിപ്പിക്കുന്ന പരിശീലന കളരിയാണ്.

**നോമ്പ് പൂർണ്ണതയിലേക്കുള്ള വളർച്ചയുടെ അഭ്യസനമാണ്.**

ക്രിസ്തീയ ജീവിതം യേശുവിലുള്ള വളർച്ചയാണ്. (എഫേ. 4:15) വളർച്ചയുടെ ഒരു ഘടകം അഭ്യസനമാണ്. ഒരു നല്ല കളിക്കാരൻ രൂപപ്പെടുന്നത് നിരന്തരവും, കഠിനവും, ആത്മസമർപ്പിതവുമായ പരിശീലനത്തിലൂടെയാണ്. അതുപോലെ തന്നെയാണ് ക്രിസ്തീയ വളർച്ചയും. നോമ്പിന്റെ

ശൈലി എന്നു പറയുന്നത് ആരാധനയും, തിരുവചന പഠനവും, നിരന്തരമായ പ്രാർത്ഥനയും, അനുതാപവും, അനുരഞ്ജനവുമാണ്. അനുരഞ്ജനം നോമ്പിൽ അനിവാര്യമാണ്. പ്രാർത്ഥന നമ്മുടെ ആത്മദാഹത്തിന്റെ പ്രതിഫലനമാണ്. പാതിനോമ്പിന്റെ ഒരു പ്രാർത്ഥന ഇപ്രകാരമാണ്. "ഞങ്ങളുടെ ദൈവമായ മശിഹാ തമ്പുരാനെ, ഞങ്ങൾ നിഗളത്തിൽ നിന്നും ആത്മപ്രശംസയിൽ നിന്നും വെടിപ്പുള്ളവരായി തീർന്നതിന് ശേഷം നിന്റെ വിശുദ്ധ കൂദാശകളുടെ ഓർമ്മയെ നിവർത്തിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ." തുടർന്ന് "സ്ലീബായിൽ ദൃഷ്ടി ഊന്നി ഞങ്ങളുടെ ഹൃദയങ്ങൾ പരിശുദ്ധമാക്കപ്പെടുകയും സകല ഭിന്നാഭിപ്രായങ്ങളും ദുരീകരിക്കുകയും ചെയ്യണമേ! എന്ന് തുടർന്ന് പ്രാർത്ഥിക്കുമ്പോൾ വ്യക്തിപരമായ ശിക്ഷണം എന്നതിനപ്പുറമായി ക്രിസ്തു കേന്ദ്രീകൃതമായ സാമൂഹിക ശിക്ഷണത്തിന്റെ മാനവും കാണുവാൻ കഴിയും. അതിനാൽ ക്രിസ്തുവിന്റെ ശരീരമെന്നുള്ള നിലയിൽ സഭയെ ക്രിസ്തു ശൈലിയിൽ വളർത്തുന്നതിൽ നോമ്പ് വളരെ നിർണ്ണായകമായ പങ്കുവഹിക്കുന്നു.

### നോമ്പ് : പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ശക്തീകരിക്കുന്ന വിദ്യാഭ്യാസമാണ്.

സ്വന്ത താല്പര്യങ്ങൾ മോഹങ്ങളായി നമ്മെ നിരന്തരം പ്രലോഭിപ്പിച്ചുകൊണ്ടിരിക്കും. കാണാൻ ഭംഗിയുള്ളതും തിന്നാൻ രുചിയുള്ളതും ആസ്വദിക്കുവാൻ മനോഹരമായതും നമ്മെ വശീകരിച്ചുകൊണ്ടിരിക്കും. അവ കരഗതമാക്കുന്നതിന് വീണ്ടുവിചാരമില്ലാതെ എന്തും പ്രവർത്തിക്കും. ഏദൻ തോട്ടത്തിലെ ആദാമിന്റെ വീഴ്ച അതാണ് സൂചിപ്പിക്കുന്നത്. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന എപ്പിക്കൂരിയൻ സിദ്ധാന്തം നമ്മെ നിരന്തരം പ്രലോഭിപ്പിച്ചുകൊണ്ടിരിക്കും. ദൈവസൃഷ്ടിയായ പ്രകൃതി തന്റെ ആവശ്യപൂർത്തീകരണത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടതാണ് എന്ന് ധരിച്ച് മറ്റുമനുഷ്യരോടും, പ്രകൃതിയോടും വികലമായി പെരുമാറും. പ്രകൃതിയെ അനിയന്ത്രിതമായി ചൂഷണം ചെയ്യും. സ്ത്രീകളെയും കുട്ടികളെയും താത്കാലിക സന്തോഷത്തിനുള്ള ഉപാധിയായി തരം താഴ്ത്തും. നോമ്പ് ഇത്തരം പ്രലോഭനങ്ങളെ തിരസ്ക്കരിക്കുവാൻ നമ്മെ സജ്ജമാക്കുന്ന ആത്മീയ പരിശീലനമാണ്.

### നോമ്പ് : ഒരു പ്രതിസംസ്ക്കാരത്തിന്റെ ഉണർത്തുപാട്ടാണ്.

ലോകം ഇന്ന് കമ്പോള സംസ്കാരത്തിന്റെ അതിശക്തമായ പിടിയിലാണ്. നമ്മുടെ ആവശ്യങ്ങളെ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ബഹുരാഷ്ട്രകുത്തകകളും അവർ ഒരുക്കുന്ന പരസ്യങ്ങളുമാണ്. ഇവയൊന്നും ഇല്ലായെങ്കിൽ ജീവിതം പൂർണ്ണമാകുകയില്ലായെന്നുള്ള അബദ്ധ ധാരണ നമ്മിൽ ഉണ്ടാകുന്നു. ആഡംബര ജീവിതം ദൈവാനുഗ്രഹവും, ദൈവിക അംഗീകാരമായും കണക്കാക്കുന്നു. ആത്മീയ ജീവിതത്തിലും ഈ ചിന്താഗതിയുടെ തള്ളിക്കയറ്റം ഇന്ന് വളരെ പ്രകടമാണ്. സ്വന്ത ലാഭത്തിന് വഴി തെളിക്കാത്ത ഒന്നിനും അവിടെ വിലയില്ല. കാരുണ്യവും, കരുതലും സ്നേഹവും എല്ലാം വിശ്വാസ സമൂഹത്തിൽ നിന്നും തിരസ്ക്കരിക്കപ്പെട്ടിരിക്കുന്നു. ലളിത ജീവിത ശൈലിയിലൂടെയും മിതമായ ഭക്ഷണ ക്രമത്തിലൂടെയും, ഭൗതികതയിലൂന്നിയ വികലമായ ആത്മീയ വീക്ഷണത്തെ നോമ്പ് പ്രതിരോധിക്കും. മനുഷ്യ ജീവനും ബന്ധങ്ങളും, മനുഷ്യത്വവും നില യേറിയതാണ് എന്നും ദൈവരാജ്യമൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ജീവിത ശൈലി സാധ്യമാണ് എന്നു കണ്ടെത്തുവാനും നോമ്പ് സഹായിക്കുന്നു. അതുകൊണ്ട് വർത്തമാന കാലത്ത് ശക്തീകരിക്കുന്ന പ്രതിസംസ്കാരത്തിന്റെ ഉണർത്തുപാട്ടാണ് നോമ്പ്.

### നോമ്പ്: ദൈവീക സ്വയത്യാഗത്തിന്റെ ആഴം ഗ്രഹിക്കുവാൻ സഹായിക്കുന്ന പരിശീലനമാണ്.

നോമ്പ് ചെറിയ ചെറിയ വർജ്ജനങ്ങൾ നമ്മിൽ നിന്നും ആവശ്യപ്പെടുന്നു. നമുക്ക് പ്രിയം തോന്നുന്ന മാംസഭക്ഷണം ആഡംബര ജീവിത രീതികൾ വേവലാതിയില്ലാതെ ഒഴിവാക്കി അവ ഭക്ഷണം നിഷേധിക്കപ്പെട്ടവർക്ക് പങ്കുവയ്ക്കുവാൻ ആവശ്യപ്പെടുന്നു. ഇവ കൈവിടുമ്പോൾ നമുക്കുണ്ടാകുന്ന മാനസിക പിരിമുറുക്കം നമുക്കൊരു പാഠമാണ്. ഇത്ര ലഘുവായ കാര്യങ്ങൾക്ക് നമുക്കുണ്ടാകുന്ന ഇച്ഛാഭംഗം വിലിയിരുത്തുമ്പോൾ, സകല സ്വർഗ്ഗീയ മഹിമകളും വെടിഞ്ഞ് ദൈവത്തോടുള്ള സമത്വം മുറുകെപിടിക്കാതെ സ്വയം ത്യജിച്ച ദൈവസ്നേഹത്തിന്റെ ആഴം എത്ര വലുതെന്ന് തിരിച്ചറിയുവാൻ നമുക്ക് സാധിക്കുന്നു. മാത്രമല്ല– കർത്താവിന്റെ സ്വയത്യാഗത്തോട് ചെറിയ തോതിലെങ്കിലും താദാത്മ്യം പ്രാപിക്കുവാൻ അതിലൂടെ അവസരം ലഭ്യമാകുന്നു. അത് കർത്താവിന്റെ ജീവിത വീക്ഷണത്തിലേക്ക് നമ്മെ വഴി നടത്തും. അതിനാൽ നോമ്പു കാലം കർത്താവിന്റെ പീഡാനുഭവത്തെ സ്മരിക്കുന്ന കാലം മാത്രമല്ല, ദൈവസ്നേഹത്തിന്റെ ആഴം ഗ്രഹിക്കുന്ന വേളയും അതിൽ നമ്മെ വളർത്തുന്ന അനുഭവവും കൂടിയാണ്.

### നോമ്പ്: നിരപ്പിന്റെ അനുഭവം യാഥാർത്ഥ്യമാക്കുന്ന സ്വയ സമർപ്പണത്തിന്റെ നിമിഷങ്ങളാണ്

ബന്ധങ്ങൾ വഷളായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ദൈവഹിതം അനുസരിക്കപ്പെടുന്നതിലൂടെയാണ് ബന്ധങ്ങൾ പൂർണ്ണമാക്കപ്പെടുന്നത്. ദൈവഹിതത്തിൽ നിന്നു വ്യതിചലിച്ചവർ അതിലേക്ക് തിരിച്ചുവരുന്നതാണ് അനുതാപം. നോമ്പ് അനുതാപത്തിന്റെ സന്ദർഭമാണ്. നമസ്കാരങ്ങളിലൂടെയും, വേദപഠനങ്ങളിലൂടെയും ദൈവഹിതം ഗ്രഹിക്കുകയും വിധേയപ്പെടുകയും ചെയ്യുമ്പോൾ, നിരപ്പ് യാഥാർത്ഥ്യമാക്കുവാൻ സാധിക്കും. അതിനാൽ അനുതാപം ദൈവവുമായുള്ള നിരപ്പ് മാത്രമല്ല, സഹോദരനോടും പ്രകൃതിയോടുമുള്ള നിരപ്പും കൂടിയാണ്. നോമ്പ് ആരംഭിക്കുന്നത് ശുബുക്കോനോ എന്ന നിരപ്പിന്റെ ശുശ്രൂഷയോടുകൂടിയാണ്. "ദൈവീകമായ ഭാവത്തോട് അനുരൂപപ്പെടുത്തുന്ന നിരപ്പും, സമാധാനവും, സ്നേഹവും ഞങ്ങളിൽ വാഴേണമേ" എന്ന അപേക്ഷയോടെയാണ് ശുശ്രൂഷ ആരംഭിക്കുന്നത്. അനുരഞ്ജനത്തിന്റെ ഘടകങ്ങളായ നിരപ്പും, സമാധാനവും യാഥാർത്ഥ്യമാകുവാൻ ദൈവസ്നേഹത്താൽ നാം നിറയപ്പെടണം. നോമ്പ് അതിനുള്ള പാഠമാണ്.

നോമ്പ് യേശുവിന്റെ പരമയാഗത്തെ ധ്യാനിച്ച് ദൈവസ്നേഹത്തിന്റെ ആഴത്തെ വ്യക്തമായി അനുഭവിക്കുന്ന സന്ദർഭമാണ്. രക്ഷാകര പദ്ധതിയെ അർത്ഥവത്തായി ഉൾക്കൊണ്ടുകൊണ്ട് ശരിയായ ആത്മീക വളർച്ച നേടി ദൈവത്തിങ്കലേക്കും സഹോദരങ്ങളിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ജീവിത ക്രമത്തെ രൂപപ്പെടുത്തുന്ന വിദ്യാലയമാണ് നോമ്പ്. നോമ്പിന്റെ അർത്ഥവും ശക്തിയും തിരിച്ചറിഞ്ഞ് അതിനെ അനുഭവവേദ്യമാക്കുവാൻ ഈ വർഷത്തെ വലിയ നോമ്പാചരണം ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



ഡോ. സുനിൽ ഡി. കുരുവിള

# സമഗ്രമായി വളരട്ടെ നമ്മുടെ കുഞ്ഞുങ്ങൾ

"It is easer to build strong children than to repair broken adults"

***Fr. Douglas***

ഒരു കെട്ടിടം പണിയുമ്പോൾ ആദ്യമായി അതിന്റെ അടിസ്ഥാനം ക്രമീകരിക്കുക എന്നുള്ളതാണല്ലോ. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ എത്ര ശക്തിയുള്ളതാവണം? അത് കെട്ടിടത്തിന് എത്ര ഉയരം വേണം എന്നുള്ളതിനെ ആശ്രയിച്ചായിരിക്കുമല്ലോ. അതുപോലെ തന്നെ ഒരു കുട്ടിയുടെ ബാല്യം അവന്റെ അടിസ്ഥാന കാലഘട്ടമാണ്. ബാല്യം എത്ര സമഗ്രവും സന്തോഷമുള്ളതാകുമോ അതനുസരിച്ചാവും കുട്ടിയുടെ പിന്നീടുള്ള വളർച്ച. നല്ല ആരോഗ്യമുള്ള ഒരു വ്യക്തിയിലെ നല്ല മനസ്സും, നല്ല മനുഷ്യനും നിലനിൽക്കുകയുള്ളൂ. കുട്ടികളുടെ ശാരീരികാരോഗ്യത്തെക്കുറിച്ച് വളരെ ഗൗരവമായി ചിന്തിക്കണം. നല്ലതും പോഷക സമൃദ്ധവുമായ ഭക്ഷണം ഏറ്റവും പ്രധാനമാണ്. മികച്ച ഭക്ഷണം കുട്ടികൾക്ക് കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. കമ്പോള സംസ്കാരം കുട്ടികളുടെ ആരോഗ്യ നിലയെ ആപത്കരമായി ബാധിച്ചിട്ടുണ്ട്. എട്ടു മണിക്കൂറെങ്കിലും കുട്ടികൾ ഉറങ്ങണം. കുട്ടികൾക്ക് നേരത്തെയുറങ്ങാനും നേരത്തെ എഴുന്നേൽക്കാനും ഒക്കെ സൗകര്യമുള്ള രീതിയിൽ ഭവനാന്തരീക്ഷം ക്രമീകരിക്കേണ്ടതുണ്ട്. ശുചിത്വം ഏറ്റവും പ്രധാനമാണ്. സ്കൂളിലും, വീട്ടിലും മികച്ച ശുചിത്വം ഉറപ്പ് വരുത്താം. ടിഫിൻ ബോക്സ്, ബാഗ്, ഷൂസ് ഒക്കെ വൃത്തിയായി സൂക്ഷിക്കാൻ പരിശീലിപ്പിക്കാം. വ്യക്തി ശുചിത്വവും കുട്ടികളെ ചെറുപ്രായത്തിൽ തന്നെ പരിശീലിപ്പിക്കേണ്ടതുണ്ട്.

സ്കൂൾ വിട്ടുവരുന്ന കുട്ടികളെ ട്യൂഷനു വിടുന്നത് വലിയ തെറ്റാണ്. സ്കൂൾ വിട്ടു വന്ന് കുട്ടികൾ നന്നായി ഓടിച്ചാടി കളിക്കട്ടെ. കളികൾ ശാരീരികാരോഗ്യത്തിനു മാത്രമല്ല മാനസിക ആരോഗ്യത്തിനും വ്യക്തിത്വ വികസനത്തിനും അനിവാര്യമാണ്. വീഴുകയും മുറിയുകയും ഒക്കെ ചെയ്യുന്നത് സ്വാഭാവികം. അവർ ജീവിതത്തിൽ തളർന്ന് പോകുകയില്ല. ഭവനത്തിൽ ചിട്ടയും അച്ചടക്കവും ശീലിപ്പിക്കാം. എല്ലാത്തിനും അതിന്റേതായ സമയവും, സ്ഥലവും ഒക്കെ ഉണ്ടെന്നു കുട്ടികൾ മനസ്സിലാക്കട്ടെ. ഏതൊരു വ്യക്തിയുടെയും പുരോഗതി അവന്റെ അച്ചടക്കത്തെ ആശ്രയിച്ചായിരിക്കും.

ടെലിവിഷന്റെ മുൻപിൽ കിടത്തണ്ട. ചെറിയ ഒരു സമയം ടി.വി കാണുന്നതിൽ തെറ്റില്ല. കമ്പ്യൂട്ടർ ഗെയിം വേണ്ട. ഭക്ഷണം ടിവിയുടെ മുൻപിൽ കഴിപ്പിക്കണ്ട. ഭക്ഷണം കണ്ടും, ആസ്വദിച്ചും കഴിക്കട്ടെ.

കൊച്ചുകുട്ടികളെ അമിതമായി പഠിപ്പിക്കണ്ട. ആസ്വദിച്ചും സന്തോഷമായും അവർ പഠിക്കട്ടെ. "Education is not the filling of a pail, but the lightening of a fir" (William yeats). അവർക്കു ധാരാളം കഥകൾ പറഞ്ഞു കൊടുക്കാം. അവരെ കേൾക്കാൻ സമയം കണ്ടെത്താം. കെട്ടിപ്പിടിക്കുന്നതും ഉമ്മ കൊടുക്കുന്നതും, കൂടെ കളിക്കുന്നതും ഒക്കെ അവരെ കൂടുതൽ ആത്മവിശ്വാസമുള്ളവരാക്കും. തിരുത്താനും ക്രമീകരിക്കാനും 'No' പറയാനും മടിക്കേണ്ട. 'കമ്പോളമല്ല' സമയമാണ് നാം അവർക്ക് നൽകേണ്ടത്.

നമ്മുടെ ക്ഷമയും വിശ്വാസവും കരുതലും അവരെ ബലപ്പെടുത്തും കരുത്തരാക്കും. 'If children feel safe, they can take risk, ask questions, make mistakes, learn to trust, share their feelings, and grow'-Alfie khou.

അവർക്കായി നല്ല സ്കൂളുകൾ തെരഞ്ഞെടുക്കാം. അധ്യാപകർ നന്നായി പരിശീലിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താം. വലിയ സ്കൂളുകളല്ല നല്ല സ്കൂളുകളാണ് കുട്ടികൾക്കാവശ്യം. പഠിക്കുന്ന കുട്ടിക്കും പഠിക്കാൻ പ്രയാസമുള്ള കുട്ടിക്കും മാന്യതകൊടുക്കുന്ന, ചേർത്തു പിടിക്കുന്ന സ്കൂളുകളാണ് ഇന്നിന്റെ ആവശ്യം. കലയും, കളിയും സൗഹൃദവും, ബന്ധങ്ങളും എല്ലാം പ്രോത്സാഹിപ്പിക്കുന്നതാവട്ടെ സ്കൂളുകൾ. Tuition centre കളിൽ അല്ല, സ്കൂളുകളിൽ തന്നെ അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ പൂർത്തിയാവണം. കുട്ടികൾ മഴയും വെയിലും മണ്ണും ഒക്കെ ചേർന്ന് ജീവിക്കട്ടെ. പ്രകൃതിയെ അറിയട്ടെ. അയൽക്കാരെ അറിയട്ടെ. ബന്ധുമിത്രാദികളുമായി ഇടപെടട്ടെ. കൂട്ടുകൂടാൻ പഠിക്കട്ടെ.

താലന്തുകളും, കഴിവുകളും കുട്ടിക്കാലത്തു തന്നെ പ്രോത്സാഹിപ്പിക്കാം. (10 വയസിന് ശേഷം അഭികാമ്യം). സമ്മർദ്ദം വേണ്ടാ. നല്ല ഗുരുക്കന്മാരേയും, പരിശീലകരെയും നൽകാം. ബഹുമാനിക്കാനും, കരുതാനും, സ്നേഹിക്കാനും, മനുഷ്യരുമായി ഇടപെടാനും പഠിക്കട്ടെ. യാത്ര ചെയ്യട്ടെ. കൂടുതൽ ചോദ്യങ്ങൾ ചോദിക്കട്ടെ. സന്തോഷമുള്ള ബാല്യം, ആശ്വാസമുള്ള കൗമാരത്തിലേക്ക് അവരെ നയിക്കും.

പഠന വൈകല്യങ്ങളോ, ബുദ്ധിമുട്ടുകളോ ഉണ്ടെങ്കിൽ നേരത്തെ കണ്ടെത്തി പരിഹരിക്കാം. വൈകാരിക, മാനസിക സ്വഭാവ മേഖലയിൽ കുട്ടികൾ Comfortable ആണെന്ന് ഉറപ്പു വരുത്താം. ഏതെങ്കിലും പ്രയാസമുണ്ടെങ്കിൽ കൗമാരത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പരിഹരിക്കുന്നതാവും അഭികാമ്യം. മാതാപിതാക്കളും, അധ്യാപകരും കുട്ടികൾക്ക് അനുകരിക്കാൻ കഴിയുന്ന മാതൃകകളായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. അമിത കരുതൽ ഗുണം ചെയ്യില്ല.

മൂല്യബോധം, സാംസ്കാരിക ബോധം, ആത്മീയതയൊക്കെ ചെറുപ്രായത്തിൽ തന്നെ കുഞ്ഞുങ്ങളിൽ രൂപപ്പെടുത്താം. എല്ലാത്തിന്റെയും പരസ്പര ബന്ധങ്ങളും, സാധ്യതകളും അവർ കുട്ടികാലത്തുതന്നെ മനസ്സിലാക്കട്ടെ. ഭിന്നിക്കാനല്ല ഒന്നിക്കാനും, സഹകരിക്കാനും അവർ ശീലിക്കട്ടെ. അവരെ എന്തിനു കൊള്ളാം. അവരുടെ കഴിവുകൾ-ഗുണങ്ങൾ ഒക്കെ അവർ തിരിച്ചറിയട്ടെ. കുറവുകളല്ല മറിച്ച് അവരുടെ നിറവുകൾ അവർ അറിഞ്ഞു വളരട്ടെ. ആത്മവിശ്വാസവും, ആത്മാഭിമാനവും, വിലയും മനസ്സിലാക്കിയ

*ശേഷം 43 – ാം പേജിൽ*


# ഡേവിഡ് ലിവിങ്സ്റ്റൺ വിക്ടോറിയ വെള്ളച്ചാട്ടം കണ്ടെത്തിയ മിഷനറി



എബി

ആദ്യമായി അഫ്രിക്കയിൽ കടന്ന ഒരു സാഹസിക പര്യവേഷകനാണ് ഡോക്ടർ ഡേവിഡ് ലിവിങ്സ്റ്റൺ. അതുവരെ ഒരു യൂറോപ്യനും സഞ്ചരിച്ചിട്ടില്ലാത്ത വഴികളിലൂടെ കടന്നുചെന്ന് അദ്ദേഹം ആഫ്രിക്കയുടെ ഹൃദയം കണ്ടെത്തുകയായിരുന്നു.

ലിവിങ്സ്റ്റണെപ്പറ്റി പറയുമ്പോൾ ഒരു കാലത്ത് ഇരുണ്ട ഭൂഖണ്ഡമെന്ന് അറിയപ്പെട്ടിരുന്ന ആഫ്രിക്കയെപ്പറ്റി അല്പം അറിയുന്നതു നന്നായിരിക്കും. ഭൂമിയിൽ മനുഷ്യൻ ആദ്യം പിറന്നത് ഈ വൻകരയിലാണ്. ഏതാണ്ട് രണ്ടു ലക്ഷം വർഷം മുമ്പ് 'ഹോമോസാപിയൻസ് എന്നറിയപ്പെടുന്ന ആദിമ മനുഷ്യൻ കിഴക്കൻ ആഫ്രിക്കയിലാണ് ആദ്യം പ്രത്യക്ഷപ്പെട്ടതെന്ന് പറയപ്പെടുന്നു. 60 കോടി വർഷം പഴക്കമുള്ള "Metamorphic ശിലകൾ ഉൾക്കൊള്ളുന്ന ഉറപ്പുള്ള ഭൂഖണ്ഡമാണ് ആഫ്രിക്കയെന്ന് ശാസ്ത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. പിന്നെയുമുണ്ട് സവിശേഷതകൾ. ലോകത്തെ ഏറ്റവും നീളം കൂടിയ നദിയായ 'നൈൽ' ഒഴുകുന്നതും ഇവിടെയാണ്. ഏറ്റവും വലിയ മരുഭൂമി സഹാറയും ഇവിടെ പരന്നു കിടക്കുന്നു. ഇങ്ങനെ അനേകം അത്ഭുതങ്ങൾ നിറഞ്ഞ ഭൂഖണ്ഡത്തിലേക്കാണ് ഡോ. ഡേവിഡ് ലിവിങ്സ്റ്റൺ എന്ന മിഷനറി പര്യവേഷകനായി ചെന്നത്.



1813 മാർച്ച് 19 നാണ് ഡേവിഡ് ലിവിങ്സ്റ്റൻ നീൽ ലിവിങ്സ്റ്റന്റെയും എൻജെൻ ഹണ്ടറിന്റെയും മകനായി പിറന്നത്. സ്കോട്ട്ലണ്ടിലെ ഗ്ലാസ്ഗോ നഗരത്തിലായിരുന്ന ജനനം.

ബാലൻ നടക്കേണ്ടുന്ന വഴിയിൽ മാതാപിതാക്കൾ അഭ്യസിപ്പിച്ചതുകൊണ്ട് ഡേവിഡ് ചെറുപ്പത്തിൽ തന്നെ ഈശ്വര വിശ്വാസത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും തൽപ്പരനായി വളർന്നു. പിന്നീടത് മിഷനറി മേഖലയിലേക്ക് വ്യാപരിച്ചു. രണ്ടും സമുന്നയിപ്പിച്ചുകൊണ്ടുള്ള ഒരു പര്യവേഷണമായിരുന്നു അദ്ദേഹത്തിന്റേത്. അങ്ങനെയാണ് തന്റെ എല്ലാ ജീവിത സൗകര്യങ്ങളും വെടിഞ്ഞ് ഡേവിഡ് 28-ാം വയസിൽ 1841 ൽ ആഫ്രിക്കയിലെത്തിയത്.

അവിടെ പ്രതിസന്ധികൾ ഏറെയായിരുന്നു. വിവരവും വിദ്യാഭ്യാസവുമില്ലാത്ത കാട്ടു ജാതിക്കാർ. അവരെ മെരുക്കിയെടുക്കുക ശ്രമകരമായ ജോലിയായിരുന്നു. ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും പ്രാർത്ഥനയാലും ഡേവിഡ് അവയെല്ലാം സധൈര്യം നേരിട്ടു. പട്ടിണിയോടും രോഗങ്ങളോടും മല്ലിടേണ്ടിവന്നു. എന്നിട്ടും മിഷനറി പ്രവർത്തനവും ആതുര സേവനവും അദ്ദേഹം തുടർന്നു. അങ്ങനെ അദ്ദേഹം സാധാരണ ജനങ്ങളുടെ ആരാധനാ പാത്രമായി മാറി.

ഇതിനിടയിൽ കാടും മേടും കയറിയിറങ്ങി ആഫ്രിക്കയുടെ ഉൾഭാഗങ്ങളിലൂടെ യാത്ര നടത്തി. അങ്ങനെ 1855 ൽ ഒരു വെള്ളച്ചാട്ടം കണ്ടെത്തി. ലിവിങ്സ്റ്റൺ അതിന് ബ്രിട്ടീഷ് രാജ്ഞിയുടെ പേരിട്ടു. 'വിക്ടോറിയ അതാണ് പിൽക്കാലത്ത് പ്രസിദ്ധമായ വിക്ടോറിയ ഫാൾസ്'.

പിന്നീടുള്ള യാത്രയിൽ അദ്ദേഹം 'സാംബസി' നദിയുടെ ഉത്ഭവം കണ്ടെത്തി. കുറെ കഴിഞ്ഞ് 'നയാസാ' തടാകവും കണ്ടു പിടിച്ചു. എന്നാലും 'നൈൽ' നദിയുടെ ഉറവിടം കണ്ടുപിടിക്കുകയെന്നുള്ളത് ലിവിങ്സ്റ്റന്റെ പ്രിയപ്പെട്ട സ്വപ്നമായിരുന്നു. അതിനുവേണ്ടി അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. എങ്കിലും പരാജയപ്പെട്ടു. കുറച്ചുനാൾ ലിവിങ്സ്റ്റണെ കാണാതായപ്പോൾ നൈൽ നദിയിൽ മുങ്ങി മരിച്ചുകാണുമെന്ന് ആളുകൾ വിശ്വസിച്ചു. ലിവിങ്സ്റ്റൺ നടത്തിയ യാത്രകളാണ് പിൽക്കാലങ്ങളിൽ യൂറോപ്യൻമാരെ ആഫ്രിക്കയിലേക്ക് ആകർഷിക്കാൻ കാരണമായത്.

പിന്നീട് ഏറെക്കാലം ലിവിങ്സ്റ്റണെപ്പറ്റി യാതൊരു വിവരവും ബാഹ്യലോകത്തിന് ലഭിച്ചില്ല. അദ്ദേഹം മരിച്ചെന്നുതന്നെ എല്ലാവരും വിശ്വസിച്ചു. അങ്ങനെയിരിക്കെ 'ന്യൂയോർക്ക് ഹെറാൾഡ്' പത്രം ഒരന്വേഷണത്തിന് തയ്യാറായി അവരുടെ ലേഖകനായ 'ഹെൻറിസ്റ്റാൻലിയെ അന്വേഷണത്തിനായി നിയോഗിച്ചു. ഇത് 1869-ലായിരുന്നു. രണ്ടു വർഷത്തെ അന്വേഷണത്തിനൊടുവിൽ 1871 നവംബർ 10ന് ടാൻസാനിയായിലെ ടാങ്കനിക്ക തടാകക്കരയിൽ സ്റ്റാൻലി രോഗബാധിതനായ ലിവിങ്സ്റ്റനെ കണ്ടെത്തി. സ്റ്റാൻലി എന്ന ജേർണലിസ്റ്റ് ചോദിച്ചു. ഡോ. ലിവിങ്സ്റ്റൺ I Presume?- താങ്കൾ തന്നെയാണ് ഡോ. ലിവിങ്സ്റ്റൺ എന്നു കരുതട്ടെ. ആ വാചകം ചരിത്രത്തിന്റെ ഭാഗമായി 1872 -മാർച്ചുവരെ സ്റ്റാൻലി ലിവിങ്സ്റ്റനൊപ്പം കഴിഞ്ഞു. 1873 മെയ് 1 ന് സാംബിയിൽവച്ച് മലേറിയ ബാധിതനായി ലിവിങ്സ്റ്റൺ അന്തരിച്ചു. ക്രിസ്തു മാർഗ്ഗത്തിലൂടെ സഞ്ചരിച്ച ആ പാശ്ചാത്യ മിഷനറി തന്റെ പര്യവേഷണം പര്യവസാനിപ്പിച്ച് പരലോകത്തേക്ക് യാത്രയായി.

കഴിഞ്ഞ ലക്കം തുടർച്ച




ഫാ. റോയി മാത്യൂസ്, മുളമൂട്ടിൽ

# ദൈവസഭ അനുഗ്രഹിക്കപ്പെടുന്നത് എങ്ങനെ

തോട്ടം നനപ്പാൻ ഒരു നദി ഏദനിൽ നിന്നു പുറപ്പെട്ടു. അതു നാലു ശാഖയായി പിരിഞ്ഞു. (ഉല്പ. 2:10).

കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ 2 നദികളായ പീഷോനും.ഗിഹോനും കണ്ടല്ലോ. IIIഹിദ്ദെക്കെൽ മൂന്നാമത്തെ ശാഖയാണ്. ഇതിന്റെ അർത്ഥം ഉഗ്രശബ്ദം എന്നാണ്. ഈ നദി അശൂരിന് കിഴക്കോട്ട് ഒഴുകുന്നു. അത് ശക്തിയോടെ ഒഴുകി ആ പ്രദേശങ്ങളെ നല്ലവണ്ണം കൃഷി ഉണ്ടാകത്തക്കവണ്ണം സഹായിക്കുന്നു. ഈ നദിയിലെ ഉറവ വറ്റിപ്പോകുന്നില്ല. ദൈവത്തിന്റെ തോട്ടം നനപ്പാൻ ദൈവ നിർദ്ദേശിതമായ അതിന്റെ ഉറവക്കണ്ണികൾ ഫളഫള ശബ്ദത്തോടുകൂടി ഊക്കോടെ ഒഴുകിക്കൊണ്ടിരിക്കുന്നു.

ഒരു രാത്രിക്ക് നാലു യാമങ്ങൾ ഉണ്ടല്ലോ, അർദ്ധരാത്രിയുടെ യാമത്തിങ്കൽ എല്ലാവരും ഗാഢനിദ്രയിൽ ആയിരിക്കും. എന്നാൽ മൂന്നാമത്തെ നദിയായ ഹിദ്ദെക്കെൽ ഉഗ്രശബ്ദത്തോടുകൂടി ഒഴുകി മരുഭൂമി തുല്യമായി കിടക്കുന്ന ആത്മീയമായി ഉറങ്ങി ഗാഢനിദ്രയിൽ കഴിയുന്ന ദേഹികളെ ഉണർത്തി നനയ്ക്കുന്നു. എല്ലാവരും ഉറക്കം പിടിച്ചു. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു എന്നുള്ള ഉഗ്രശബ്ദം എല്ലാവരേയും ഉണർത്തുന്നു. അന്ധകാര യുഗത്തിൽ കേൾക്കുന്ന ഉഗ്രശബ്ദത്തിൽ ഒന്നാം നൂറ്റാണ്ടു മുതൽ ഉണർത്തപ്പെട്ടവരായ വീരശിരോമണികളാണ്. 5-ാം തുബ്ദേനിൽ നാം പ്രാർത്ഥിക്കുന്ന നീതിമാന്മാരും, മല്പാന്മാരും, സ്തുതിക്കപ്പെടുന്നവരും, ദൈവത്തെ ധരിച്ചവരുമായ നമ്മുടെ പിതാക്കന്മാർ യാക്കോബ് മുതൽ ഇന്നുവരേയും ധീരതയോടെ സഭയെ പരിപാലിച്ചു നടത്തിയ പിതാക്കന്മാർ. അതിൽ അഗ്രഗണ്യനാണ് വി. യാക്കോബ് ബൂർദാന. അദ്ദേഹം ഉണർന്നു പ്രവർത്തിച്ചില്ലായിരുന്നുവെങ്കിൽ സത്യവിശ്വാസം ലോകത്തു കാണുകയില്ലായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലങ്കര സഭയെ നവീകരണ പ്രസ്ഥാനത്തിൽനിന്നും മോചിപ്പിക്കുവാൻ ഉണർന്നു പ്രവർത്തിച്ച പുണ്യവാനായ പരുമല മാർ ഗ്രീഗോറിയോസ്, അതുപോലെതന്നെ ഓരോ നൂറ്റാണ്ടുകളിൽ പ്രതിഫലേഛയില്ലാതെ കഷ്ടപ്പെട്ട് ഇവിടെ എത്തിയ ശ്രീമക്കാരായ പിതാക്കന്മാർ ഇവരെയും അവരുടെ വിശ്വാസത്തെയും ആരാധനയേയും മറക്കുവാൻ പാടില്ലാത്തതാകുന്നു.

ഹിദ്ദെക്കെൽ നദിയുടെ ഉഗ്ര ശബ്ദത്താൽ അനേക ധീരയോദ്ധാക്കളെ ധൈര്യപ്പെടുത്തി നിത്യതക്ക് അവകാശികളാക്കി തീർത്തു അതേ ഉഗ്രശബ്ദം ഓരോ നൂറ്റാണ്ടുകളുടെ ദിവസങ്ങൾ പോകുന്തോറും വിശുദ്ധന്മാർ നിത്യതയോട് സമീപിക്കയാണ്. ദൈവത്തിന്റെ ഉഗ്രശബ്ദം കേൾക്കുന്ന (ഉത്തമ. 2:8-13) അതാ എന്റെ പ്രിയന്റെ സ്വരം അവൻ മലമുകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചുകൊണ്ട് വരുന്നു. ശീതകാലം കഴിഞ്ഞു. മഴയും മാറിപ്പോയല്ലോ. പുഷ്പങ്ങൾ ഭൂമിയിൽ കാണായ് വരുന്നു. കുറുപ്രാവിന്റെ ശബ്ദവും നമ്മുടെ നാട്ടിൽ കേൾക്കുന്നു "ഹിഭക്തൻ നദിയുടെ ഏറ്റം ഊക്കായ അതിഭയങ്കര ശബ്ദത്തോടുകൂടിയ ഒഴുക്കും കുറുപ്രാവിന്റെ കുറുകുറുപ്പും ചിറകടിയും പറക്കലും എല്ലാം മണവാളനായ യേശുക്രിസ്തുവിന്റെ വരവിനെ ബോദ്ധ്യപ്പെടുത്തുക എന്നുള്ളതല്ലാതെ മറ്റൊന്നുമല്ല കാണിക്കുന്നത്. ശൂലേംകാരിയെപ്പോലെ നമ്മുടെ പ്രിയന്റെ വരവിനെ സഫലപ്പെടുത്താം. ഉപദേശത്തിലും ജീവിതത്തിലും മാലിന്യം കൂടാതെ നിരന്തരമായ പ്രാർത്ഥനാ ജീവിതം നമുക്കുമുണ്ടാകുവാൻ ദൈവമായ കർത്താവ് നമുക്ക് സഹായിക്കട്ടെ. ദാഹിച്ചും വരണ്ടുമിരിക്കുന്ന ഭൂമി വെള്ളത്തിനായി വാഞ്ചിക്കുന്നതുപോലെ കൃപകൾക്കും ദാനങ്ങൾക്കും വേണ്ടി മനുഷ്യാത്മാവിനു ദൈവത്തിങ്കലേക്കുള്ള ആഗ്രഹമാണ് പ്രാർത്ഥന. ശരീരത്തിനു ഭക്ഷണ പാനീയങ്ങൾ വേണ്ടിയിരിക്കുന്നതുപോലെ ആത്മാവിനു പ്രാർത്ഥന ആവശ്യമാണ്. പ്രാർത്ഥനാ ജീവിതമില്ലാത്തവർ ഉണങ്ങി ശുഷ്കിച്ചിരിക്കുന്നവരാണ്. പ്രാർത്ഥനാ സ്വഭാവമില്ലാത്തവൻ ജീവനില്ലാത്തവനാണ്. അവനു ആത്മീകമായി ചിന്തിക്കുന്നതിനോ ഉയർന്ന വീക്ഷണം ഉണ്ടാകുന്നതിനോ സാദ്ധ്യമല്ല. പ്രാർത്ഥന ഇല്ലാത്തവൻ, വിശുദ്ധ ശുശ്രൂഷകളിലും കൂദാശകളിലും പങ്കു കൊള്ളുന്നതിന് അർഹനല്ല. പ്രാർത്ഥന ആത്മാവിന്റെ ശ്വാസോച്ഛ്വാസമാണ്. അതില്ലാത്തവൻ മരിച്ചവനാണ്. പലരും പ്രാർത്ഥനയെ വെറും യാചനയായി കണക്കാക്കുന്നുണ്ട്. ആ വിധത്തിലാണ് എന്തെങ്കിലും ബുദ്ധിമുട്ടോ വിഷമമോ വരുമ്പോൾ മാത്രം ചിലർ പ്രാർത്ഥിക്കുന്നത്. ദാരിദ്ര്യം, രോഗം, ആപത്തുകൾ, മരണഭീതി മുതലായവ വരുമ്പോൾ യാചിക്കുന്നത് ഭയത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ സാക്ഷാൽ പ്രാർത്ഥന ദൈവവുമായുള്ള സംസർഗ്ഗമാണ്. അതിൽ സ്തുതി, സ്തോത്രം, വണക്കം, ആരാധന യാചന ഇവയെല്ലാം അടങ്ങിയിരിക്കുന്നു. പ്രാർത്ഥനയുടെ പരമമായ ഉദ്ദേശം ദൈവ സ്നേഹത്തിലും, ആത്മീകദാനങ്ങളിലും ചിറകടിച്ച് ഉയർന്ന് കരേറുകയെന്നുള്ളതാകയാൽ അങ്ങനെ എല്ലാവരും ആയിത്തീരുവാൻ സാക്ഷാൽ പ്രാർത്ഥനയുള്ള ഒരാൾ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഇടവിടാതെ പ്രാർത്ഥിപ്പാൻ വേദപുസ്തകം ഓർമ്മിപ്പിക്കുന്നത്. ഒരിക്കലും വറ്റാത്ത ഹിദ്ദെക്കെലിന്റെ അനുഭവം ഉള്ള ഒരാൾ നടക്കുമ്പോഴും ജോലി ചെയ്യുമ്പോഴും ഭക്ഷിക്കുമ്പോഴും, കുളിക്കുമ്പോഴും എന്നു വേണ്ട ഏതൊരവസരത്തിലും പ്രാർത്ഥനയിൽ മനസ്സിനെ രമിപ്പിക്കുന്നു. അതുപോലെ വേറൊരു പ്രധാന സംഗതി നിയമാനുസൃതമായ പ്രാർത്ഥനകൾ നടത്തുന്ന കാര്യമാണ്. പട്ടക്കാർ, മേല്പട്ടക്കാർ മുതലായവർ അവരുടെ വ്യക്തി വളർച്ചയ്ക്കുതകുന്ന മേൽപ്പ

# ക്നാനായ പൈതൃക സംരക്ഷണ സമ്മേളനം

ക്നാനായ കമ്മറ്റി

എ.ഡി 345 ൽ ക്നായിത്തോമായുടേയും, ഉറഹാ മാർ യൗസേഫ് മെത്രാന്റെയും, നേതൃത്വത്തിൽ സ്വന്തക്കാരെയും ചാർച്ചക്കാരേയും വിട്ട് മലങ്കരയിൽ കുടിയേറിപ്പാർത്ത യഹൂദ പാരമ്പര്യത്തിൽ ജനിച്ച ക്നാനായക്കാർ പൂർവ്വ പിതാക്കന്മാർ കണ്ണിലെ കൃഷ്ണമണിപോലെ രണ്ടായിരത്തോളം വർഷം കാത്തുപരിപാലിച്ച ക്നാനായ പാരമ്പര്യവും, വംശശുദ്ധിയും, സുപ്രീംകോടതി അംഗീകരിച്ച ഭരണഘടനയും, ക്നാനായ അസ്സോസിയേഷനും, കൂനൻ കുരിശു സത്യത്തിൽ ഊട്ടിഉറപ്പിച്ച അന്ത്യോക്യാ പാരമ്പര്യങ്ങളും, സമുദായ മെത്രാപ്പോലീത്താ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ നേതൃത്വവും, സമുദായത്തിന്റെ ഉൾഭരണ സ്വാതന്ത്ര്യവും ഞങ്ങളും ഞങ്ങളുടെ സന്തതി പരമ്പരകളും ഉള്ളകാലത്തോളം നിലനിർത്തുമെന്ന് മാർ അപ്രേം സെമിനാരിയിൽ കൂടിയ ജനാവലി പ്രതിജ്ഞ എടുത്തു.

പരി. സിംഹാസനത്തോടും അതിൽ കാലാകാലം വാണരുളുന്ന പരി. പാത്രിയർക്കീസുമാരോടും എന്നും ഈ സമുദായം ഭക്തിയും ആദരവും കാണിച്ചിട്ടുണ്ട്. അതിന് ഇന്നും യാതൊരു മാറ്റവുമില്ല. മലങ്കര അന്ത്യോക്യാ ബന്ധം ഇന്നും നിലനിൽക്കുന്നതിനു കാരണം നമ്മുടെ പിതാക്കന്മാരും ഈ സമുദായവുമാണ്.

സമുദായത്തിന്റെ ഉൾഭരണ സ്വാതന്ത്ര്യം പുണ്യപിതാക്കന്മാർ നമുക്ക് നേടിത്തന്ന അനുഗ്രഹമാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി അംഗീകരിച്ച സുശക്തമായ ഭരണഘടന നമ്മുടെ സഭയുടെ സംരക്ഷണമാണ്.

ക്നാനായ സമുദായത്തെ ഒരു പ്രതിസന്ധിയിലേക്ക് തള്ളിയിട്ടുകൊണ്ട് സമുദായത്തിന്റെ പരമോന്നത ബോഡിയായ അസ്സോസിയേഷൻ തീരുമാനത്തെ അട്ടിമറിക്കുവാൻ ശ്രമിക്കുന്നു. 2018 ആഗസ്റ്റ് 28 ന് നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട ക്നാനായ അസ്സോസിയേഷനേയും, പള്ളികളിൽ നടന്ന തിരഞ്ഞെടുപ്പും റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ കേസ് കൊടുത്തു അസ്സോസിയേഷൻ യോഗം കൂടുന്നതിനെതിരെ കോടതിയിൽ പോയി. ദൈവാനുഗ്രഹത്താൽ സ്റ്റേ ഒന്നും കിട്ടിയില്ല.

നിർഭാഗ്യവശാൽ കേസുകൾ കൊടുത്ത് അസ്സോസിയേഷൻ പ്രവർത്തനങ്ങളെ തകർക്കുന്ന ശ്രമങ്ങൾ ചില ആളുകളുടെ ഭാഗത്തുനിന്നും നിരന്തരമായി ഉണ്ടാകുന്നു. സമുദായ മെത്രാപ്പോലീത്തായേയും ക്നാനായ അസ്സോസിയേഷനേയും, വൈദികരേയും, ഭാരവാഹികളേയുമൊക്കെ സംബന്ധിച്ച് പരി. സിംഹാസനത്തെ തെറ്റിദ്ധരിപ്പിക്കുന്നു. സമുദായം ഒറ്റക്കെട്ടായി ദുഷ്പ്രചരണങ്ങളെ തള്ളിക്കളഞ്ഞ് ഒരുമയോടെ നഷ്ടപ്പെട്ട നല്ല ദിനങ്ങളെ വീണ്ടെടുക്കാം.

---

റഞ്ഞ പ്രാർത്ഥനാ ജീവിതത്തിനു പുറമേ സഭയുടെ ഔദ്യോഗിക ഭാരവാഹികളെന്ന നിലയിൽ നിയമാനുസൃതമായ പ്രാർത്ഥനകൾ നടത്തുവാൻ കടപ്പെട്ടിരിക്കുന്നു. അത് ചെയ്തില്ലെങ്കിൽ കടം വരുത്തുകയായിരിക്കും ഫലം. അതു നടത്താതെ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതായാൽ സ്വയം കടവും ശാപവും വരുത്തുന്നവരാകുന്നു. ഇത് സാധാരണക്കാരായ വൈദികരെ സംബന്ധിച്ചുള്ളതാണ്. എന്നാൽ ദയറാക്കാർ, മേല്പട്ടക്കാർ ഇവർ കൂടുതൽ പ്രാർത്ഥനകൾ നടത്തുവാൻ സഭ ക്രമീകരിച്ചിട്ടുണ്ട്. പട്ടക്കാരുടെ ചുമതലകൾ നടത്താനാഗ്രഹിക്കാത്തവർ പട്ടക്കാരാകുന്നതും, മേല്പട്ടക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുവാൻ താല്പര്യമില്ലാത്തവർ മെത്രാപ്പോലീത്തന്മാർ ആകുന്നതും, ദയറാക്കാരുടെ ചുമതലകൾ നടത്താൻ ആഗ്രഹിക്കാത്തവർ ദയറാക്കാരാകുന്നതും അത്യാപത്തായിരിക്കും.

ദയറാക്കാർ സാധാരണപട്ടക്കാരുടെ നിലയിൽ കഴിച്ചുകൂട്ടുന്നതും (പെരുമ്പാവൂർ, കോതമംഗലം ആദിയായ പള്ളികളിൽ ഒരു ദയറാക്കാരൻ കാണിക്കുന്ന വികൃതികൾ എന്തെല്ലാമാണ്). സാധാരണ പട്ടക്കാർ ജനങ്ങളുടെ നിലയിലേക്കു താഴുന്നതുമാണ് ഒരു സഭക്കുണ്ടാകുന്ന ഏറ്റവും വലിയ അധ:പതനം. തനതു പ്രാർത്ഥനയുണ്ടെന്നു ഭാവിച്ച് നിയമാനുസൃത പ്രാർത്ഥനകൾ ഉപേക്ഷിക്കുന്നതും നിയമാനുസൃത പ്രാർത്ഥന എങ്ങനെയെങ്കിലും കാട്ടിക്കൂട്ടി ആന്തരീയമായ പ്രാർത്ഥനാ ജീവിതം നഷ്ടപ്പെടുത്തുന്നതും രണ്ടും ശരിയല്ല. മന:പ്രാർ ത്ഥനയെന്നുള്ള പേരിൽ ചിലടത്തു നടക്കുന്ന പ്രാർത്ഥന സമ്പ്രദായങ്ങൾ നമ്മുടെ ആളുകളുടെ ഇടയിൽ നുഴഞ്ഞു കയറികൊണ്ടു നിയമാനുസൃത പ്രാർത്ഥനയിൽനിന്ന് അവരെ പിൻമാറ്റുന്നുണ്ട്. രണ്ടും കൂടി നടത്തുവാൻ സമയം കണ്ടെത്തണം എന്നാൽ മാത്രമേ ഹിദ്ദെക്കെലിന്റെ പ്രയോജനം ലഭിക്കുകയുള്ളു.

ഹിദ്ദെക്കെൽ നദി ഇപ്പോഴും ഉഗ്രശബ്ദത്തോടു കൂട് ഒഴുകുന്നു. ദുരുപദേശങ്ങളും, ഭിന്നതകളും ജീവിതമാലിന്യങ്ങളും തക്കം നോക്കി പ്രവേശിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധ സഭ ഉറച്ചു നില്ക്കേണ്ടതാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ സഭയെ നിലനിർത്തിയ കർത്താവ് നമ്മേയും നിലനിർത്തട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഹിദ്ദെക്കെൽ നദിയുടെ അനുഭവങ്ങളെക്കുറിച്ചും ചുരുക്കുന്നു ദൈവം അനുഗ്രഹിക്കട്ടെ.

*(തുടരും)*

# ഒക്യുപേഷണൽ തെറാപ്പി

**മന്നാ റെജി, കുന്നുതറ**

ആധുനിക ചികിത്സാ രീതികളെയും വൈദേശിക ആശയങ്ങളെയും രണ്ട് കൈയ്യും നീട്ടി സ്വീകരിക്കാൻ വിമുഖത കാണിക്കാത്തതാണ് ഭാരതീയരുടെ എക്കാലത്തെയും നേട്ടം. പണ്ട് ബ്രിട്ടീഷുകാരന്റെ സംസ്കാരവും, ഭക്ഷണവും എന്തിന് പറയണം വിദ്യഭ്യാസം പോലും ഏറ്റെടുത്ത് ലോകത്തിന് മുമ്പിൽ ഉയർന്ന് നിന്നു.

ഇന്ത്യ എക്കാലവും ഏറ്റെടുത്ത അല്ലെങ്കിൽ ദത്തെടുത്ത ചികിത്സാരീതികളാണ് അലോപ്പതി (Alopathy) Accupuncture എന്നിവ. ഇതുപോലെതന്നെ അധികം ആളുകൾ അറിയാത്ത ഒരു തെറാപ്പി രൂപമാണ് ഒക്യുപേഷണൽ തെറാപ്പി.

19-ാം നൂറ്റാണ്ടിന് ശേഷം യൂറോപ്പിന്റെ പലഭാഗങ്ങളിൽ കണ്ടുവന്ന ചികിത്സാ രീതിയാണ് ഒ.റ്റി (O.T). രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം സൈനികർക്ക് സംഭവിച്ച മുറിവുകളെ ഭേദപ്പെടുത്തി, ആരെയും ആശ്രയിക്കാത്ത ഒരു ജീവിതം കൈവരിക്കുവാനത്രെ ആദ്യ രൂപം പിറന്നത്. അങ്ങനെ വൈദേശികൾ ഇതിനെ രണ്ട് കൈയ്യും നീട്ടി സ്വീകരിച്ച് ലോകത്തിന്റെ പല ഭാഗത്തും ഇത് ഏറ്റെടുക്കപ്പെട്ടു.

**ആദ്യരൂപം**

ഒ.റ്റി, യുടെ ആദ്യ രൂപം സൈക്യാട്രി ആയിരുന്നു. പിന്നീട് ഓർത്തോ, ന്യൂറോ, പീഡിയാട്രിക്സ് എന്നീ രൂപങ്ങളിൽ ഉരുത്തിരിയപ്പെട്ടു. ഒരു മനുഷ്യന് എന്ത് വൈകല്യമുണ്ടെങ്കിലും അത് അവന്റെ ദൈനംദിന ജീവിതത്തെ ബാധിക്കും. അപ്പോൾ ആരെയും ആശ്രയിക്കാതെ സ്വയം ദിനചര്യകൾ ചെയ്യാൻ പ്രാപ്തനാക്കുന്നതാണ് ഒ.റ്റി.

ഓരോ മനുഷ്യന്റെ ജോലിയിലും വൈകല്യങ്ങൾ ദോഷം ചെയ്താൽ വൊക്കേഷണൽ ട്രെയിനിംഗ് ഉറപ്പാക്കുന്നത് ഓരോ തെറാപ്പിസ്റ്റിന്റെയും ഡ്യൂട്ടിയാണ്.

**ചികിത്സകൾ ഏതിനൊക്കെ?**

ഓട്ടിസം, സെറിബ്രൽ പാൾസി, ബെൽസ് പാൾസി, സ്ട്രോക്ക്, പാർക്കിൻസൺസ് എന്നിവയൊക്കെയും ഒ.റ്റി. ചികിത്സയിൽ ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞ അവസ്ഥകളാണ്. ഇത് കൂടാതെ വലിയ നീണ്ട നിര കാത്തിരിക്കുന്നു ചികിത്സക്കായ്.

ഇന്ന് വൈദേശിക രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ആവശ്യം ഒ.റ്റി. തെറാപിസ്റ്റുകളെയാണ്.

ജീവിക്കുന്ന കാലമത്രയും വൈകല്യങ്ങളെ പേറാതെ; ആരെയും ആശ്രയിക്കാതെ ജീവിക്കാൻ പ്രേരിപ്പിക്കുന്ന ചികിത്സാരീതി.

**ജോലി എവിടെയൊക്കെ?**

ഹോസ്പിറ്റൽസ്, ക്ലിനിക്, ഓൾഡ് ഏജ് ഹോംസ്, സ്കൂൾസ് തുടങ്ങിയവയും ജോലി വാഗ്ദാനം ചെയ്യുന്ന മേഖലകളാണ്.

(കവിത)

# കണ്ണീർ വേനലിലെ, "വെള്ളച്ചാട്ടം"!

**കെ. എം. മാനുവൽ, കളപ്പുരയ്ക്കൽ**

കരയുവാൻ, കണ്ണുനീർ! ബാക്കിയില്ലാതെന്നെ-
കരുണാമയനേശു, കണ്ട നേരം;
കരലാളനങ്ങളാൽ...., കെട്ടിപ്പിടിച്ചെന്റെ-
കരളിലും തൂകി തൻ, ആത്മാവിനെ....! (കരയുവാൻ....)

'കരകാണാക്കടലിലെ- തോണി', പോലീയാത്ര-
കരയോടടുക്കുവാൻ കാത്തിരിപ്പൂ....!
കരുണക്കടലേ നീ, വീശുക നിൻ കൃപാ-
കിരണങ്ങൾ പാപിയാം എന്റെമേലും....!(കരയുവാൻ....)

കരഞ്ഞുവോ ക്രൂശിൽ, 'താത' എന്നോതിനീ?
കാരണം ഞാനുമെൻ പാപങ്ങളും....!
കാക്കുകെന്നെ, ദുഃഷ്ട ശക്തികളിൽ നിന്നും;
കരയാനെനിക്കിനി കണ്ണീരില്ല. (കരയുവാൻ....)

'കരവേലയായ്' എന്നെ, മെനഞ്ഞൊരാ നാളിലേ;
'കാരിരുമ്പാണികൾ', "സ്നേഹാഗ്നിയോ"?
കരുതിടേണേ...., ദൈവ രാജ്യത്ത് വാഴുമ്പോൾ,
കരയിയ്ക്കണേ...., തവ ദർശനത്താൽ! (കരയുവാൻ....)

"കരതലാമലകമായ്" നീ കാക്കും ഏഴയെ-
കരങ്ങൾ പിടിച്ചണി, ചേർക്കണമേ....;
കരങ്ങളിൽ "താതർ" തൻ, പുത്രരെ ചേർക്കട്ടെ!
"കരയട്ടെ, പുത്രരാ...., മാറുകളിൽ"!
(കരയുവാൻ....)

കരളിന്റെ കരളായി നീ നോക്കും, ദാസരും-
"കരങ്ങളിൽ കൂപ്പി", കർമ്മലാംബിക തൻ;
കരങ്ങളിൽ "ജപമാല', കണ്ടിടട്ടെ, "നിത്യം"-
കരളതിൽ ചൂടട്ടെ; "ഉത്തരീയം"!
(കരയുവാൻ....)

കരളലിഞ്ഞമ്മ തൻ, "പരിശുദ്ധ ജപമാല"!
കരഞ്ഞേറ്റു ചൊല്ലുവാൻ, നല്കിയപ്പോൾ;
കരുത്തിൽ വിളിച്ചവർ, നിലപ്പിച്ചുവോ, വിളി-
"കരളിലൊതുക്കുവാൻ....," കല്പിച്ചുവോ?
(കരയുവാൻ....)



# മലർവാടിക്കൂട്ടം

കർഷകൻ ചണം വിത്തുമായി എത്തി. അയാൾ വിത്തു വിതക്കുന്നത് വേലിപ്പുറത്ത് താവളമടിച്ചിരുന്ന മീവൽ പക്ഷികൾ നോക്കിനിന്നു. കൂട്ടത്തിൽ ഒരു പക്ഷി പറഞ്ഞു. അയാൾ കൃഷിസ്ഥലം വിട്ടുപോയാൽ നാം വിത്തുകൾ ഒന്നൊഴിയാതെ കൊത്തിപ്പൊളിച്ചു നശിപ്പിക്കണം. ഇപ്പോൾ അതു ചെയ്തില്ലെങ്കിൽ പിന്നീട് ഖേദിക്കേണ്ടിവരും.

എന്നാൽ ആ വാക്ക് മറ്റ് പക്ഷികളൊന്നും അത്ര കാര്യമാക്കിയില്ല. അതിന്റെ കൂടെപ്പോയി വിത്തുകൾ കുത്തിപ്പൊളിക്കാനും ഒരുങ്ങിയില്ല.

സഹകരണമില്ലാത്തവരുടെ കൂടെ താമസിക്കാൻ വിഷമം തോന്നിയ ആ പക്ഷി മറ്റൊരു താവളം തേടിപ്പോയി.

കുറച്ചുകാലം കഴിഞ്ഞ് ചണം വിളഞ്ഞു. കർഷകൻ അത് വിറ്റ് ധാരാളം പണം ഉണ്ടാക്കി. അതിനിടയിൽ ചണനാരുപയോഗിച്ച് അയാളുടെ ഭാര്യ വലിയ ഒരു വലയുണ്ടാക്കി. കർഷകൻ ഒരു ദിവസം വലയുമായി കൃഷിസ്ഥലത്തേക്കുപോയി. അവിടെ താമസമാക്കിയിരുന്ന മീവൽപക്ഷികൾ ആ വലയിൽ അകപ്പെട്ടു.

ആധുനിക ലോകത്തിൽ നന്മയെക്കാൾ വേഗത്തിൽ തിന്മ വേരുപിടിക്കുന്നു. മാനുഷിക മൂല്യങ്ങൾ കുറഞ്ഞുപോകുന്നു. ദുഷ്ടത വേരുപിടിച്ച് വളരുന്നു. ദുഷ്ടതയുടെ വിത്തുകളെ വേരുപിടിക്കും മുൻപേ തന്നേ നശിപ്പിക്കണം. ഇല്ലെങ്കിൽ അവ നമ്മെത്തന്നെ നശിപ്പിക്കും.

**കൊച്ചേട്ടൻ**

---

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

## FORM IV (SEE RULE 8)

| | | |
|---|---|---|
| 1. Place of Publication | - | Chingavanam |
| 2. Periodicity of its Publication | - | Monthly |
| 3. Printer's Name | - | Fr. Jaicobkutty K.S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 4. Publisher's Name | - | Fr. Jaicobkutty K.S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 5. Editor's Name | - | V. Rev. Roy Mathew Mulamoottil |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 6. Ownership | - | The Malankara Syrian Knanaya Arch Diocese, M.E. Seminary, Chingavanam |

**I Fr. John Mathew, Here by declare that the particulars given above are true to the best of my knowledge and belief.**

Date 15- 3- 2019 **Sd / Publisher**



ക്നാനായ
പൈതൃക സംരക്ഷണ
സമ്മേളനം



ക്നാനായ മെഡിക്കൽ സെന്റർ & പാലിയേറ്റീവ് കെയറിന്റെ ആഭിമുഖ്യത്തിൽ മഞ്ഞനിക്കര കാൽനട തീർത്ഥാടകർക്ക് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നതിന്റെ ഉത്ഘാടനം **അഭി. ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ** നിർവ്വഹിക്കുന്നു



കാശ്മീരിൽ വീരചരമം പ്രാപിച്ച സൈനികരുടെ സ്മരണകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് സ്മൃതിജ്വാല ക്നാനായ കോൺഗ്രസ് തെളിയിച്ചപ്പോൾ. **ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.** എന്നിവർ നേതൃത്വം നൽകി




നിലമ്പൂർ സെന്റ് മേരീസ് ക്നാനായ സുറിയാനി പള്ളി കൂദാശയും പൊതു സമ്മേളനവും **അഭിവന്ദ്യ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** നിർവ്വഹിച്ചു. **അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനി, അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി** എന്നിവർ സമീപം.

## 40 –ാം ചരമദിനം

24 – 03 – 2019



**അന്നമ്മ തോമസ്**

കുന്നുകണ്ടത്തിൽ, കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1st Death Anniversary

30- 03-2019



**Elsamma Chacko**

Manimalethu, Ranni

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ”

Advt -O

## 2 –ാം ചരമവാർഷികം

15 – 04 – 2019



**ചിന്നമ്മ കുരുവിള**

കല്ലുങ്കൽ, മള്ളൂശ്ശേരി, കോട്ടയം

ഭർത്താവ് – കുരുവിള
മക്കൾ – റോബി, റോജി, മരുമക്കൾ – നെജി, ബിയ
കൊച്ചുമക്കൾ

Advt -O

## 1st Death Anniversary

16- 03-2019



**Prem Mathew Jacob**

Kuttolamadom
Ernakulam

Sorrowing Family

Advt -O

1 – ാം ചരമ വാർഷികം

17 – 03 – 2019



**സ്കറിയാ മാത്യു**

6 – ാം ചരമ വാർഷികം

03 – 03 – 2019



**അന്നമ്മ മാത്യു**

**ഉറുമ്പിക്കുന്നേൽ, തുരുത്തിക്കാട്**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S


IELTS / OET
LIFE ASHORE TRAINING CENTRE

GUIDING YOU ASHORE
EXCELLENT TRAINING
ON IELTS/OET
CANADA IMMIGRATION
STUDY ABROAD
OWNED AND OPERATED BY REGULATED
CANADIAN IMMIGRATION CONSULTANT (RCIC)

*Develop your Listening, Reading, Writing and Speaking skills on English Language and walk away with a high band on IELTS/OET test.*

EXCELLENT TRAINING
MODERN TECHNOLOGY
EXPERIENCED TEACHERS
SKILL DEVELOPMENT
IELTS/OET HIGH SCORING OUR GOAL


ADMIT LIMITED STUDENTS PER BATCH
CALL 7561849907 / 0479 2429820
Website : www.lifeashore.com
Email: info@lifeashore.com

MAZHUKEER
Beside Knanaya Church
MONDAY TO FRIDAY
Morning session
9 AM to 1 PM
Evening session
5 PM to 7 PM

Advt -O


40 – ാം ചരമദിനം

05 – 03 – 2019



**ഏ. പി. ഏബ്രഹാം**

(ഏബ്രഹാം സാർ)

**അമ്പലപ്പാട്ട്, തിരുവൻവണ്ടൂർ**

"നിത്യതയിൽ കാണാമെന്നുള്ള
പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O


40-ാം ചരമദിനം
09-03-2019
വി.പി. കുര്യാക്കോസ്
വാക്കയിൽ, തുരിത്തിക്കാട്


2nd Death Anniversary
13-04-2019
K. J. ZACHARIAH (SOMAN)
Kizhakkemuriyil
Muttada, Trivandrum
നിൻ ശരണത്തിൽ നിദ്രിതനാം
ദാസനു മശിഹാ സ്മൃതി നൽകി
നിൻ മഹിമോദയ ദിവസത്തിൽ
വലഭാഗത്തായ് ചേർക്കേണം”
By Sorrowing Family
Advt - B


In Loving Memories
32nd Birthday in Heaven
28.03.2019
13th Birthday in Heaven
02.04.2019
8th Birthday in Heaven
29.03.2019
എബ്രഹാം മാത്യു
എലിക്കുട്ടി എബ്രഹാം
സന്തപ്ത കുടുംബാംഗങ്ങൾ
“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ”
ജിയ വിനോയി
ലാളിച്ചു കൊതിതീരും മുമ്പേ
സ്നേഹിച്ചു മതിതീരും മുമ്പേ
കൊഴിഞ്ഞ പുഷ്പമേ...
ഇരണയ്ക്കൽ, തിരുവനന്തപുരം
അപ്പ, മമ്മി & ജീവ്

## 13 – ാം ചരമ വാർഷികം

17 – 03 – 2019



## മാത്യു അലക്സാണ്ടർ

മണ്ണാട്ടുകോയിപ്പുറത്ത്പറമ്പിൽ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 1 – ാം ചരമ വാർഷികം

21 – 03 – 2019



## പി. ഐ. ഏബ്രഹാം

(കുഞ്ഞവറാച്ചൻ)

പഴയപീടികയിൽ, കല്ലിശ്ശേരി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



## 4 – ാം
## ചരമ വാർഷികം

16 – 03 – 2019

## എം. പി. മാത്യു
## (മാത്തുക്കുട്ടി)

മാലത്തുശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്
നിത്യതയുടെ തീരത്തു
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

# 9 –ാം ചരമവാർഷികം

**29 – 03 – 2019**

**ദൈവമേ നിന്റെ കൃപയുടെ ബഹുത്വം പോലെ എന്നോട് കരുണയുണ്ടാകണമേ**



## ഇ. ജെ. കുറിയാക്കോസ്

### ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 11 –ാം ചരമവാർഷികം

07–03–2019



# മാത്തൻ ഏബ്രഹാം (പാപ്പച്ചൻ)

കടയ്ക്കേത്ത് പുന്നമൂട്ടിൽ, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

ഭാര്യ – അന്നമ്മ ഏബ്രഹാം
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കൊച്ചുകൊച്ചുമക്കൾ


Advt -S


## 6 –ാം ചരമവാർഷികം

25–03–2019

## 22 –ാം ചരമവാർഷികം

19–01–2019





**Abraham Pappen**

**M. P. Raju**

**Mepparathu,**
**Blockpadi, Ranny**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ”

Advt - S

## 5 –ാം ചരമവാർഷികം

22–03–2019



# കെ. ഒ. ജോസഫ് (ബേബി)

കടക്കേത്ത്, മന്ദമരുതി, റാന്നി

## 4 –ാം ചരമ വാർഷികം

25–03–2019



# കെ. ഒ. സഖറിയ (കറിയാച്ചൻ)

കടക്കേത്ത്, തോട്ടമൺ, റാന്നി

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 3 – ാം ചരമവാർഷികം

26–03–2019

## അന്നമ്മ ഇസ്രായേൽ

വേലുകിഴക്കേതിൽ
കുറ്റൂർ, തിരുവല്ല

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 10 – ാം ചരമ വാർഷികം

17–03–2019



## K.P. Jacob (Sabu)

കാരിക്കൊമ്പിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 1 – ാം ചരമവാർഷികം

04–03–2019



## അച്ചാമ്മ മാത്യു

മുണ്ടപ്ലാക്കൽ, പുതുശ്ശേരിമല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



6 – ാം ചരമ വാർഷികം

26 – 03 – 2019

**C. M. കുര്യൻ**

ചാലുപറമ്പിൽ

**Texas, U.S.A**

Advt - O

13 – ാം ചരമ വാർഷികം

28 – 02 – 2019

19 – ാം ചരമ വാർഷികം

29 – 01 – 2019



**Chinnamma Thomas     N. U. Thomas**

**Neduvoppil, Eara**

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - R

## 7 – ാം ചരമ വാർഷികം

10 – 03 – 2019



# കുഞ്ഞൂഞ്ഞമ്മ പുന്നൂസ്

**പനച്ചമൂട്ടിൽ, മാന്നാർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 12 – ാം ചരമ വാർഷികം

11 – 03 – 2019



# T. P. Kurian

**Thekkummuriyil, Peyad, Trivandrum**

"നിന്റെമഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

ഭാര്യ : അച്ചാമ്മ കുര്യൻ
മക്കൾ : വിനു, വിന്ദു, മരുമക്കൾ : മിനി, സുനോജ്
കൊച്ചുമക്കൾ : ഡാനി, ഡിയോ, ജോബ്സൺ, ജോൺസൺ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമ വാർഷികം

16 – 04 – 2019



# K. S. Mathew (Tomy)

## 4 – ാം ചരമ വാർഷികം

04 – 03 – 2019



# Litto K. Mathew

**Kdaithara, Chingavanam**

By Sorrowing Family

Advt - R

## 6th Death Anniversary

**18- 03-2019**




## Chellamma Abraham

**Valayanattu house, Ranni**

Advt -O

## 2 –ാം ചരമ വാർഷികം

**06–03–2019**



## T. K. ജോയി

**പടിഞ്ഞാറെ തോപ്പിൽ**
**കുറ്റൂർ, തിരുവല്ല.**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 25 –ാം ചരമവാർഷികം

**10–04–2019**



## K. A. ഏബ്രഹാം

## 40 –ാം ചരമദിനം

**17–03–2019**



